# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം


പുസ്തകം 5 ലക്കം 2 പേജുകൾ 42 മേയ് 2024




## കലാസാഹിത്യത്തിലെ നിത്യപ്രണയി: ഇ.ഡി.ഡേവിസ്

## മൗനമുദ്രിതമാം സൗഹൃദം: ഡോ. പി.സജീവ്കുമാർ

മുഖചിത്രം വര: ബാലചന്ദ്രൻ എം.ആർ.




**THRISSUR:** Round East. Ph: 0487-2331812. Shop online at www.josalukkasonline.com
KERALA | TAMIL NADU | PUDUCHERRY | ANDHRA PRADESH | TELANGANA | KARNATAKA

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




സങ്കടം ജനിപ്പിച്ച വിയോഗമായിരുന്നു സലിംരാജിന്റേത്. ഊഷ്മളമായ സൗഹൃദങ്ങൾ പൊടുന്നനെ കാണാമറയത്താകുമ്പോൾ നമ്മിലുണ്ടാകുന്ന ഞെട്ടൽ, തൃശൂരിലെ സാംസ്കാരിക പ്രവർത്തകർ സലിംരാജ് വിടവാങ്ങിയതറിഞ്ഞപ്പോൾ അനുഭവിച്ചിരിക്കണം. അതുമായി ബന്ധപ്പെട്ട അനുസ്മരണകുറിപ്പുകൾ ഈ ലക്കത്തിന്റെ സവിശേഷതയാണ്. ഏറെക്കാലം സലിംരാജിനൊപ്പം പ്രവർത്തിച്ച ഇ.ഡി.ഡേവിസ്, കവിയും കഥാകാരനുമായ ഡോ. പി.സജീവ്കുമാർ, കവയിത്രി കയ്യുമ്മു, സലിംരാജിന്റെ ബാല്യകാല കളിക്കൂട്ടുകാരി സോഫിയ ബാബു എന്നിവരുടെ സ്മരണകൾ, സലിംരാജെന്ന മനുഷ്യനിലേക്കും കവിയിലേക്കുമുള്ള വാതായനങ്ങളാണ്.


പതിനാറ് കവിതകൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കവിത എഴുതുന്നവരുടെ സംഖ്യ മൂന്നക്കവും പിന്തള്ളി കഴിഞ്ഞകാലത്ത്, അയച്ചുകിട്ടുന്നവയിൽനിന്നും വ്യത്യസ്തമായവ മാത്രം തെരഞ്ഞെടുത്താണ് പ്രസിദ്ധീകരിക്കുന്നത്. തന്റെ രചന പ്രസിദ്ധീകരിച്ചില്ലല്ലോ എന്ന് പരിഭവിക്കുന്നവരോട്, കൂടുതൽ എഴുതുകയെന്ന ലഘുസന്ദേശം മാത്രമേ നൽകുവാനാകൂ.

'കാർട്ടൂൺ കേരളം' പംക്തി കൈകാര്യം ചെയ്യുന്ന ബാലചന്ദ്രൻ എം.ആർ. വരച്ച സലിംരാജ് കാരിക്കേച്ചർ ഉൾപ്പെടുത്തിയാണ് ഈ ലക്കത്തിന്റെ കവർ ക്രമീകരിച്ചിട്ടുള്ളത്. അങ്ങനെയും പ്രിയ സൗഹൃദത്തിന് ആദരമർപ്പിക്കണമെന്ന ആഗ്രഹം സഫലമാക്കുന്നതിന് സഹകരിച്ച ബാലചന്ദ്രന് നന്ദി.

ദർശനയുടെയും ജോർജ് വിത്സന്റെയും കഥകളും കുട്ടികളുടെ പതിനാറ് വരകൾ ചേർത്ത 'കുട്ടികളുടെ മഷിപ്പച്ച'യും ഉൾപ്പെടുത്തിയ ഈ ലക്കം വായനക്കും നർമമായ കാഴ്ചകൾക്കും വിരുന്നൊരുക്കട്ടെ എന്നാഗ്രഹിക്കുന്നു. വ്യത്യസ്തമായ രുചിക്കൂട്ടുമായി അടുത്ത ലക്കം വരാനിരിക്കുന്നു എന്ന കൗതുകവും പ്രിയ വായനക്കാരുമായി പങ്കുവയ്ക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം






എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


**സലിംരാജ് സ്മൃതി**

ഇ.ഡി.ഡേവിസ്.................... പേജ് 5
ഡോ. പി.സജീവ്കുമാർ ........... പേജ്8
കയ്യുമ്മു കോട്ടപ്പടി ............... പേജ് 10
ബേബി സോഫിയ ................ പേജ് 11

**കഥ**

ദർശന ............................. പേജ് 12
ജോർജ് വിത്സൻ .................. പേജ് 38

**കാർട്ടൂൺ**

എം. ആർ. ബാലചന്ദ്രൻ ........... പേജ് 4

**കുട്ടികളുടെ മഷിപ്പച്ച** .. പേജ് 33

**കവിത**

അശോകൻ സി.ജി. .............. പേജ് 16
രേഖ സി.ജി. ...................... പേജ് 17
ഡോ. രമ്യരാജ് ..................... പേജ് 18
ലേഖ കാക്കനാട്ട്.................. പേജ് 19
ജിബി മീനാക്ഷി.................. പേജ് 20
ദർശന ............................. പേജ് 21
ഡോ. പി.സജീവ്കുമാർ ......... പേജ് 23
രാജൻ സി എച്ച് ................ പേജ് 24
ശ്രീനന്ദിനി സജീവ്............... പേജ് 25
ബീന ബിനിൽ .................. പേജ് 26
നിബിൻ കള്ളിക്കാട്............ പേജ് 27
സജിത രഘുനാഥ് ................ പേജ് 28
കുഞ്ഞച്ചൻ മത്തായി ........... പേജ് 29
ഷംല ആവള ..................... പേജ് 30
സോളി അനിൽ ................... പേജ് 31
അമ്പിളി സജീവ് .................. പേജ് 32



# പി. സലിംരാജ്

## കലാസാഹിത്യത്തിലെ നിത്യ പ്രണയിയും മികച്ച എഡിറ്ററും




**ഇ.ഡി.ഡേവിസ്**

സാഹിത്യ സാംസ്കാരിക പ്രവർത്തനത്തെ ഉപാസിച്ച കവിയും ഗാനരചയിതാവും എഡിറ്ററും ആയിരുന്നു പി.സലിം രാജ് .കവിയായ സലിം രാജിനെയല്ല ഞാൻ ആദ്യം പരിചയപ്പെട്ടത്. എസ്.എഫ്. ഐ സംഘടനാ പ്രവർത്തകനായ സലിമിനെയാണ്. മുദ്രാവാക്യങ്ങൾ എഴുതുന്ന , നന്നായി കത്തുകൾ എഴുതുന്ന സലിം എന്ന വ്യക്തിത്വം എന്റെ മനസ്സിൽ ഇടം പിടിച്ചു. ഏതാണ്ട് അക്കാലത്തു തന്നെയാണ് കാമ്പസ് കവി എന്ന നിലയിലും ശ്രദ്ധിച്ചു തുടങ്ങിയത്. അന്ന് ഇൻലൻഡ് മാസികകളുടെ കാലമാണ്. സലിമിന്റെ കവിതകൾ കണ്ടു തുടങ്ങി. പിന്നീട് പ്രൊഫ.ടി.എ. ഉഷാകുമാരിയുടെ സമത വനിത കലാ വേദിക്കു വേണ്ടി പാട്ടുകൾ എഴുതിക്കണ്ടു. അതോടെ സലിംരാജിൽ ഗാനരചയിതാവും ഉണ്ടെന്നറിഞ്ഞു.

പിന്നീടൊരിക്കൽ കാണുമ്പോൾ സലിമിന്റെ സഞ്ചിയിൽ ഒരാൾ പ്രണയമനുഭവിച്ച വിധം എന്ന കവിതാസമാഹാരമുണ്ട്. അതെല്ലാം എന്നെ വിസ്മയിപ്പിച്ചിരുന്നു. വലിയ കവിയുടെ ചുവടുവെപ്പായാണ് ഞാനത് കണ്ടത്.സലിം എഴുതിയ നോട്ടീസുകളിലെ ഭാഷയും രേഖാചിത്രങ്ങളും ഫോട്ടോ ദൃശ്യങ്ങളും ശ്രദ്ധിക്കാൻ തുടങ്ങി. ചിലപ്പോൾ സലിം എഴുതിയ നോട്ടീസുകൾ തരും. കോളേജ് വിട്ടിട്ടും സലിം കോളേജ് മാഗസിൻ പ്രവർത്തനത്തിൽ രണ്ടു ദശകങ്ങളോളം പങ്കാളിയായിട്ടുണ്ടാകണം. മറ്റു സ്മരണികകളുടെ പ്രവർത്തനം അന്ത്യം വരെയും ഹരമായിട്ടെടുത്തു. ഒട്ടുമിക്കതും പ്രതിഫലേച്ഛ കൂടാതെ നിരവഹിച്ച സേവന പ്രവർത്തനമാണ്. ഇതിനിടയിൽ സലിം അക്കാദമിയിലെ എഡിറ്റോറിയൽ അസിസ്റ്റന്റ് ആയെത്തി. 18 വർഷത്തോളം . അക്കാദമി അക്ഷരസ്നേഹികളുടെ എണ്ണം കൂടി. അക്കാദമി സാംസ്കാരിക പ്രവർത്തകരുടെ ഇടമായി. അക്കാദമി നോട്ടീസുകൾക്കും അർത്ഥഗാംഭീര്യം വന്നു. നല്ല ഭാഷയും നവീനതയും വന്നു. അതിലെല്ലാം പി.സലിം രാജിന്റെ അനിഷേധ്യ സംഭാവനകളുണ്ട്.

2023 ഡിസംബർ 23 ന് പി. സലീംരാജ് എന്നോട് പറഞ്ഞു. 'നാട്ടിക എസ്.എൻ. കോളേജിലെ പൂർവ വിദ്യാർത്ഥി സംഗമമാണ്. അതിനൊരു ബുള്ളററിൻ പ്രസിദ്ധീകരിക്കുന്നുണ്ട് - ചുവപ്പാണെന്റെ പേര്.അതിൽ അകാലത്തിൽ മരിച്ചു പോയ പ്രതിഭകളെ ഓർക്കുന്ന ഒരു പേജുണ്ട്. അതിന്റെ നിർവഹണഘട്ടത്തിൽ സലിം എന്നെ ഫോണിൽ വിളിച്ചു. ' നാലഞ്ചു വാചകങ്ങളിൽ ഉടനേ ഒരു ലീഡ് ഡേവീസ് എഴുതിവിടു. ഞാൻ കമ്പ്യൂട്ടറിന് മുമ്പിലാണ് '. ഞാൻ തിരിച്ച് ചോദിച്ചു. 'സലിം എഴുതിയാൽ പോരേ? ' പോരാ പോരാ....നീ തന്നെ എഴുതണം. നിർബന്ധമായപ്പോൾ ഞാനെഴുതി വിട്ടു. അതിങ്ങനെ ആയിരുന്നു ' അകാലമര

ണം ഒടുങ്ങാത്ത വേദനകളുടേതാണ്. അതു പ്രതിഭകളുടേതാകുമ്പോൾ വലിയ സാമൂഹികനഷ്ടം കൂടിയാണ്. നാട്ടികയിലെ ശ്രീനാരായണ കലാലയത്തിനും അങ്ങനെയുള്ള വേർപാടുകളുടെ ദുഃഖഗാഥകളുണ്ട്. ഏതു കൂരാകൂരിരുട്ടിലും കരിമേഘക്കാട്ടിലും ശിരസിനു മീതെ തെളിഞ്ഞു നില്ക്കുന്ന വഴികാട്ടിനക്ഷത്രങ്ങളായി അവരുടെ ഓർമ്മകളുണ്ട്. അതേ അതു വെളിച്ചവും വേദനയുമാണ്. അതങ്ങനെ തുടരും . ഒടുവിൽ മധുരമുള്ള ദു:ഖഗാഥകളായി കാലപ്രവാഹത്തിൽ ദൃശ്യമാകും.' ടി.വി. കൊച്ചുബാവയും , മോഹൻ രാഘവനും, ഇ.പി. സുഷമയും, അനിൽ പാറേക്കാട്ടുമെല്ലാം അകാലത്തിൽ യാത്രയായ പ്രതിഭകളാണ്. ഇപ്പോൾ ആ പേജ് സലിമിനു കൂടിയുള്ള ഇടമായി പരിണമിച്ചല്ലോ. അറം പറ്റിയ വാക്കുകൾ പോലെ . യാദൃശ്ചികമാണ് എല്ലാമെങ്കിലും ഇങ്ങനെയും ചില വസ്തുതകൾ ഓർത്തു പോകുകയാണ്.




ആ ബുള്ളറ്റിന്റെ കവറിൽ ഒരു കവിത തുളുമ്പുന്ന ചോദ്യമുണ്ട് ' ഒരു കരിക്കട്ട / ഭൂതകാലജ്ജ്വാലകളെ ഓർമ്മിക്കുമോ? 'സ്വന്തം ജീവിതത്തെ മുഖാമുഖം നിറുത്തി സലീം ചോദിക്കുന്ന ചോദ്യമാണിത്. തൃശൂർ സെന്റ് തോമസ് കോളേജിലാണ് പ്രീഡിഗ്രിക്ക് പഠിച്ചത്. അന്ന് ക്ലാസുമുറികളുടെ ചുമരിൽ കരിക്കട്ട കൊണ്ട് വിപ്ലവകവിതകൾ വിപ്ലവ മുദ്രാവാക്യങ്ങൾ രഹസ്യമായി എഴുതിയ വിദ്യാർത്ഥിയാണ് സലിം. ആയിരത്തി തൊള്ളായിരത്തി എൺപതുകൾ കാമ്പസുകളിൽ വിപ്ലവസ്വപ്നങ്ങളുടെ പൂക്കാലമാണ് സൃഷ്ടിച്ചത്. നെരുദയുടെയും , മാർട്ടിൻ നിമെയ് ള്ളറുടെയും , ബെർതോൾഡ് ബ്രഹ്തിന്റെയും സോഷ്യലിസ്റ്റ് വിഭാവനങ്ങൾ , ഫാസിസ്റ്റു വിരുദ്ധവും വംശീയവിരുദ്ധവുമായ സ്വപ്നസഞ്ചാരങ്ങൾ എല്ലാം കേരളീയ കാമ്പസുകളെ തുടുപ്പിച്ചു. വിപ്ലവപാതയിലൂടെ മനസ്സിനെ വ്യാപരിപ്പിച്ച യൗവനത്തുടിപ്പാർന്ന കാലത്തിന്റെ മധുരസ്മൃതിയായി ഒരോരോ സഖാക്കൾക്കുമൊപ്പം ഇപ്പോഴും ആ തീക്ഷ്ണ വികാരങ്ങളുണ്ട്. കരിക്കട്ടയിലെന്നപോലെ അവ അടിഞ്ഞു കിടപ്പുണ്ട്. കവർ ചിത്രത്തെ അർത്ഥപൂർണമാക്കുന്ന വരികൾ ഇങ്ങനെ യാണ്; 'നമ്മൾ കരിക്കട്ടയല്ല./ കനലുകൾ ഉള്ളിലുണ്ട്. / ഒന്ന് ഊതി നോക്കൂ. / വീണ്ടും കനലെരിയും / തീയാളും. ആളിപ്പടരും.' സലീമിന്റെ മനസ് അന്ത്യവരെയും കർമ്മനിയുക്തമായത് എൺപതുകളുടെ അതേ വികാരവിചാരങ്ങളോടെയാണ്. കാൽപ്പനിക വിപ്ലവകാരികൾ എന്നു കളിയാക്കി വിളിക്കാൻ സ്വന്തം സംഘത്തിൽ തന്നെ പലരും ഉണ്ടെങ്കിലും ഒരായുസ് മുഴുവൻ കനാലായെരിഞ്ഞ പേനയാണ് സലീമിന്റെ സർഗാത്മകത.

ഈയിടെ സഫ്ദർ ഹാഷിമിക്കൊരുഗീതം എന്ന രചനയിൽ എഴുതി

' പൂക്കളായ പൂക്കളൊക്കെ പൂത്തിറ ണ്ടുമ്പോൾ
പൂർവദിങ്മുഖത്തിലെത്തും ചുകപ്പാണ്

നീ.

പ്രാണനഷ്ടം സംഭവിച്ച ചിതയിൽ നിന്നു ചിറകടിച്ച്

പറന്നുയരും തീവിഴുങ്ങി പ്പക്ഷിയാണ് നീ .'

ഏറ്റവും ഒടുവിലായി , മരണത്തിന്റെ തലേ ദിവസം എനിക്കയച്ചു തന്ന പാട്ടിന്റെ പേര് തൃശൂര് തട്ടകം എന്നതാണ്. അതിൽ സലീം ഇങ്ങനെ കുറിച്ചു.

' അമ്പലവും പള്ളിയും മാടപ്രാവിനൊരു പോലെ

അങ്ങാടിക്കുരുവികൾക്ക് സർവമത പ്രാർത്ഥന

വടക്കുന്നാഥക്ഷേത്രത്തിലെ പ്രദക്ഷിണ വഴികൾ ചൊല്ലി ;

പള്ളിയെ തകർത്തവർക്ക് രാമായണമറിയില്ല. '

വളരെ ആഴക്കാഴ്ചയുള്ളതും ദർശനഗരിമയുള്ളതും ആണ് ഈ വരികൾ. സമകാലികമായ കാലുഷ്യങ്ങളുടെ ഉള്ളറകളിലേക്ക് ഒരു പ്രതിരോധ വാങ്മയമായി അതു സംവദിക്കുന്നുണ്ട്. ആ പാട്ടിൽ ചരിത്രത്തെ പാടി ഉണർത്താൻ പോന്ന ചില വരികൾ കൂടിയുള്ളത് ശ്രദ്ധയിൽ പെടുത്തട്ടേ

' ഗാന്ധി വന്നു വാക്കെറിഞ്ഞ മണികണ്ഠനാൽത്തറ

നാനാജാതി മതസ്ഥർക്ക് അഭയം തെക്കേ നട

നിരാലംബ ജീ വിതങ്ങൾ അന്തിയുറങ്ങാനെത്തും

തേക്കിൻ കാട്ടിൻ മടിത്തട്ട് സുന്ദരം, മതേതരം '

ഈ വരികൾ ദൃശ്യവൽക്കരിക്കാൻ വേണ്ടി ഗ്രാഫിക് ഡിസൈനർ വിപിൻദാസിനോട് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് എന്നെ ഫോണിൽ വിളിച്ച് ഏറ്റവും ഒടുക്കം സംസാരിച്ചത്. വിപിൻദാസ് അത് ഉടനേ യാഥാർഥ്യമാക്കി. ഈ ആവശ്യത്തിലേക്കായി ഒരാഴ്ചമുമ്പേ എന്നെവിളിച്ചിട്ട് പറഞ്ഞു.' ഗാന്ധി തൃശൂരിൽ വന്ന് മണികണ്ഠനാൽത്തറയിൽ വന്ന് പ്രസംഗിക്കുന്ന ചിത്രം ഡേവീസിന്റെ 'തേക്കിൻകാട്: നിരാലംബരുടെ നിശ്വാസം എന്ന കൃതിയിൽ ഇല്ലേ? അതുകൊണ്ടുവരണം. ഞാൻ അപ്പോൾ ഓർമ്മിപ്പിച്ചു. അത് അന്ന് ആ പുസ്തകത്തിൽ ചേർക്കാൻ സലിം വിട്ടു പോയ കഥ. പിന്നീട് അത് നാലഞ്ചു കൊല്ലം കഴിഞ്ഞ് സലീം പ്രസിദ്ധികരിച്ച 'ഇന്ത്യയ്ക്ക് പാടുവാൻ ' എന്ന പുസ്തകത്തിൽ ചേർക്കാൻ ഞാൻ നൽകിയിരുന്നു. സലിം ഈയിടെ അതെല്ലാം മറന്നിരുന്നു. തേക്കിൻകാട് നിരാലംബരുടെ നിശ്വാസം എന്ന പുസ്തകത്തിൽ ഉൾപ്പെടുത്താനായി എഴുതിയ തേക്കുപാട്ട് എന്ന രചനയുടെ പേജിൽ അതു ചേർത്തിരുന്നു. 1927 ഒക്ടോബർ 15 ന് ഗാന്ധി നടത്തിയ സന്ദർശനത്തിന്റെ ചിത്രം. പക്ഷേ, അപ്പോഴേക്കും സലീം നിത്യമായ മറവിയുടെ പടികൾ ഇറങ്ങിത്തുടങ്ങിയിരുന്നു എന്നു വേണം നിനയ്ക്കാൻ.

സലിമിന്റെ ആദ്യ കവിതാ സമാഹാരം ഒരാൾ പ്രണയത്തെ അനുഭവിച്ച വിധം എന്നതിനെ പറ്റി സൂചിപ്പിച്ചുവല്ലോ.33 വർഷം മുമ്പ് 1991– പ്രസിദ്ധീകരിച്ച സമാഹാരം . നാലുദശകമായി എഴുതിയ കവിതകൾ പുസ്തകമാക്കാൻ ഞങ്ങൾ സുഹൃത്തുക്കൾ പലപാട് നിർബന്ധിച്ചിരുന്നതാണ്. അതു ചെയ്യാം. അതു ചെയ്യാം. എന്നു പറഞ്ഞ് അഞ്ചു വർഷമെങ്കിലും പിന്നിട്ടു. പക്ഷേ, ഈ തിരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയ വ്യക്തിചിത്രങ്ങൾ നിറഞ്ഞ ഒരു പാട്ട് സമാഹാരം പ്രസിദ്ധീകരിക്കണമെന്ന ആഗ്രഹം സലീമിന് ഉണ്ടായിരുന്നു. ഇ.എം.എസ്., ഗൗരിയമ്മ, നായനാർ , ഹാഷ്മി എന്നിങ്ങനെ സ്മൃതിചിത്ര കവിതകൾ. മറ്റൊന്ന് സമരചരിത്ര സംഭവങ്ങളായി ബന്ധപ്പെട്ട പടപ്പാട്ടുകളുടെ സമാഹാരം.

എഡിറ്റർ എന്ന നിലയിൽ ഉള്ള സലീമിന്റെ വലിയ സംഭാവനകളിലൊന്നാണ് സി.വി. ശ്രീരാമൻ ഓർമ്മപ്പുസ്തകമായ ചിദംബരങ്ങൾ. എഡിററർ എന്ന നിലയിൽ മികവാർന്ന മറ്റൊരു പുസ്തകമാണ് കലയെ പാടുന്ന കവിതകൾ എന്ന സമാഹാരം. ഉന്നതരായ കലാപ്രതിഭകളെ പറ്റി പ്രസിദ്ധ കവികൾ നടത്തിയ അനുസ്മരണ ക്കവിതകളുടെ സമാഹാരമാണിത്. ഗുലാം അലിയെ പറ്റി ഒ എൻ.വി.യും , ഷഡ്കാല ഗോവിന്ദമാരാരെ പറ്റി ജി.ശങ്കരക്കുറുപ്പും, ബാബുരാജിനെ പറ്റി പി.ഭാസ്കരനും, മുഹമ്മദ് റാഫിയെ പറ്റി യൂസഫലി കേച്ചേരിയും , ഉമ്പായിയെ സ്മരിച്ച് സച്ചിദാനന്ദനും, നെയ്യാറ്റിൻകര വാസുദേവനെ സ്മരിച്ച് പ്രഭാവർമ്മയും , മൈക്കൽ ജാക്സനെ പറ്റി എൻ.പി.ചന്ദ്രശേഖരനും അടക്കം മൂന്നു ഡസനിൽ അധികം കവിതകൾ ഇതിലുണ്ട്. ഗാനരചയിതാവും കവിയും സാംസ്കാരിക സാഹിത്യ പോരാളി യും എന്ന നിലയിൽ സാഹിത്യസാംസ്കാരിക കേരളം പി.സലീം രാജിനെ ഏറെക്കാലം ഓർമ്മിക്കും. ●






# സലീംരാജ് –മൗനമുദ്രിതമാം സൗഹൃദം



**ഡോ. പി. സജീവ്കുമാർ.**

സലീം രാജുമായി ഞാൻ ആദ്യമായി സംസാരിക്കുന്നത് 2001 ൽ ആണ് . ഷെൽവിയുടെ മൾബെറി ബുക്സ് പ്രസിദ്ധീകരിച്ച ‘ഉള്ളിലേക്ക്

വലിഞ്ഞ നാക്ക് ‘എന്ന എന്റെ ആദ്യ കവിതാ സമാഹാരത്തിന്റെ പ്രകാശനവുമായി ബന്ധപ്പെട്ടായിരുന്നു അത്.അരിമ്പൂരിൽ വച്ചു നടത്തുന്ന പ്രകാശനചടങ്ങിനോടൊപ്പം, കവിയരങ്ങിലേക്ക് ക്ഷണിക്കാനായിരുന്നു ഫോണിൽ വിളിച്ചത്. രാവുണ്ണിയേട്ടനായിരുന്നു നമ്പർ തന്നത്. ആ ചടങ്ങിൽ നോട്ടിസിൽ പേര് ചേർത്തുവെങ്കിലും സലിംരാജിന് വരാൻ കഴിയില്ല എന്ന് എന്നോട് പറഞ്ഞിരുന്നു. കാരണം എടപ്പാൾ ഉള്ള ഒരു സംഘടന നടത്തുന്ന ഒരു സാംസ്കാരിക പരിപാടിയിൽ അന്നേ ദിവസം ഉറപ്പായും പങ്കെടുക്കുമെന്ന് അദ്ദേഹം ഏറ്റിരുന്നു.പിന്നീട് കണ്ടപ്പോൾ തന്റെ നിസ്സഹായാവസ്ഥ പറയുകയും ചെയ്തു.

ആയിടക്ക്, തൃശൂർ ദേശാഭിമാനി ബുക്ക് സ്റ്റാളിൽ വച്ചു ഇടക്കിടെ സലിംരാജിനെ കാണാറുണ്ട്. സലിംരാജിന്റെ വിപ്ലവഗാനങ്ങൾ ചേർന്ന പുസ്തകം അവിടുത്തെ ബുക്ക് ഷെൽഫിൽ കാണുകയും, അവിടെയിരുന്ന് വായിക്കുകയും ചെയ്തിരുന്നു. അന്ന് ബുക്ക് സ്റ്റാളിന്റെ നടത്തിപ്പിന്റെ ചാർജ്ജ് ഉണ്ടായിരുന്ന സ:ഗോപി, സലീം രാജിന്റെ എഴുത്തിനെയും, പ്രവർത്തനങ്ങളെയും പറ്റി പ

റയുമായിരുന്നു പിൽക്കാലത്ത് സാഹിത്യ അക്കാഡമിയിൽ, സന്ദർശിക്കുമ്പോഴും,പരിപാടികളിൽ പങ്കെടുക്കുമ്പോഴും സലിംരാജിനെ അവിടെ കാണാറുണ്ട്. പരിചയം പുതുക്കി, പതിഞ്ഞ ശബ്ദത്തിൽ എന്തെങ്കിലും പറഞ്ഞു അദ്ദേഹം

പെട്ടെന്ന് പരിസരത്തു നിന്ന് മാറും.വളരെ സൗമ്യതയോടെ ഓഫീസിന്റെ അകത്തും, വരാന്തകളിലും പെരുമാറി പോകും.

കാലത്ത് ഏഴേ മുക്കാലിനു,, ബസ്സ് ഇറങ്ങി ഒരു തോൾ സഞ്ചിയുമായി അക്കാദമിയിലേക്ക് നടക്കുന്ന സലീംരാജിനെ, പലപ്പോഴും, ആ സമയം ആശുപത്രിയിലേക്ക് പോകുന്ന ഞാൻ കാണാറുണ്ട്. ഇദ്ദേഹം ഇത്ര നേരത്തെ ഇവിടെ എത്തണമെങ്കിൽ വീട്ടിൽ നിന്നും എപ്പോൾ ഇറങ്ങിക്കാണും എന്ന് ഞാൻ ചിന്തിക്കാറുണ്ട്.

2023ൽ പു. ക. സ. കവിത ഗ്രൂപ്പ് ആയ കാവ്യശിഖയുടെ നേതൃത്വത്തിൽ തൃശൂർ കേരള വർമ്മ കോളേജിൽ നടന്ന 'വാക്കില ' ക്യാമ്പിൽ സലീം രാജിനെ കൂടുതൽ സമയം കാണാനിടയായിരുന്നു. ഈ വർഷം ജനുവരിയിൽ നടന്ന സാഹിത്യ അക്കാഡമിയുടെ അന്തർദേശീയ ലിറ്ററെറി ഫെസ്റ്റിവൽ നടത്തിപ്പിനിടയിലും സലീം രാജുമായി ഇടപഴകിയിരുന്നു. അതിനിടയിൽ സി. ഗണേഷ്, നൗഷാദ്, എന്നിവരോടൊപ്പം സലീം രാജിനെ കണ്ടപ്പോൾ ഒരു സെൽഫി എടുത്തിരുന്നു.

ഏപ്രിൽ 6ന് രാത്രി സലീം രാജിന്റെ വിയോഗം സോഷ്യൽ മീഡിയ വഴി ആണ് അറിഞ്ഞത്. അത് ഒരു തരിച്ച നിമിഷം ആയിരുന്നു. ജീവിതം നീർപ്പോള കണക്കാണെന്നും, എപ്പോൾ വേണമെങ്കിലും അത് പൊട്ടാമെന്നും പലപ്പോഴും നമ്മൾ ദാർശനികമായി സംസാരിക്കുമെങ്കിലും, നമ്മുടെ അടുത്ത പരിസരങ്ങളിൽ അങ്ങിനെ സംഭവിക്കുമ്പോഴല്ലേ വേർപാടിന്റെ ആഴം നമ്മളറിയുക.

പിറ്റേന്ന് തൃശൂർ ഗവ. മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ സലീം രാജിന്റെ ദേഹം പോസ്റ്റ്മോർട്ടത്തിനു കാത്തു കിടന്നു. പ്രേം പ്രസാദ്, റിയാദ്, സലീമിന്റെ ബന്ധുമിത്രാദികൾ,അക്കാദമിയിലെ അനിൽകുമാർ, സുനിൽ, എന്നിവർ വന്നു. രാവുണ്ണിയേട്ടൻ ഇടക്കിടെ ഫോണിൽ വിളിച്ചു,

അവിടുത്തെ നടപടിക്രമങ്ങൾ നേരത്തെയാക്കാൻ . ഞാൻ, സുഹൃത്തായ ഫോറൻസിക് സർജന്റെ മുറിയിൽ കയറിയിറങ്ങി. ഒരു കവിക്ക് വേണ്ടി മറ്റൊരു കവി വന്നു അല്ലേ എന്ന് ഡോ.ഷീജു . അവിടെ നിന്നിറങ്ങി വീണ്ടും മോർച്ചറിയിൽ . അനൂപ് കിഷോർ, ഇ എം സതീശൻ, ബാലകൃഷ്ണൻ, തുടങ്ങി പലരും വന്നു. ഞാൻ ആർക്കുവേണ്ടിയും ഈ അടുത്ത കാലത്ത് മോർച്ചറിയിൽ നിന്നിട്ടില്ല. വർഷങ്ങൾക്ക് മുൻപ് ഇതു പോലെ നിന്നത് വിദ്യാർത്ഥിയായിരുന്നപ്പോൾ ആർ കെ. കൊച്ചനിയൻ കൊല്ലപ്പെട്ടപ്പോൾ ആണ്. അന്ന് മോർച്ചറി മറ്റൊരു കെട്ടിടത്തിലായിരുന്നു.

അതിനിടെ ഇ.ഡി. ഡേവിസ് വന്നു. വെളുത്ത വസ്ത്രത്താൽ മൂടിയ മുഖം കാണാൻ ഡേവിസ് തുണി മാറ്റി. സലീമിന്റെ കണ്ണുകളിലേക്ക് നോക്കി. കുറച്ചു നേരം അങ്ങിനെ നിന്നു.പിന്നെ കാലിലെ തുണി മാറ്റി, സലീമിന്റെ പാദങ്ങളും കണ്ടു.ഒരു മനുഷ്യൻ ജീവിതം താണ്ടിയ പാദങ്ങൾ. ഡേവീസിന്റെ വിരലുകൾ ആ പാദങ്ങളെ സ്പർശിച്ചു.ഞാൻ ഡേവിസിനെ ശ്രദ്ധിച്ചു. പറയാൻ ആവാത്ത ഭാവം.

പോസ്റ്റ്മോർട്ടം കഴിഞ്ഞ് 2.30 ഓടെ സലീമിനെയും കൊണ്ട് ആംബുലൻസ് അക്കാദമിയിലേക്കും, അവിടെ നിന്നും വീട്ടിലേക്കും പോയി.

സലീംരാജ് നമുക്കിടയിൽ നിന്നും പോയി.

എങ്കിലും ഇട പഴകിയവരുടെ ഹൃദയത്തിൽ അയാൾ മൗനത്താൽ ചാർത്തിയ മുദ്രകൾ പെട്ടെന്ന് മായില്ല.അയാൾക്ക് പെട്ടെന്ന് പോകാൻ കഴിയില്ല.

അയാൾ എഴുതിയ മുദ്രാവാക്യങ്ങൾ / ഗാനങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടേയിരിക്കും.

കടലിൽ തിരയടിച്ചു കൊണ്ടേയിരിക്കും.

●



# സലീം രാജ് എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ



കയ്യുമ്മു കോട്ടപ്പടി

ഞാനും സലിംരാജുമായിട്ടുള്ള ബന്ധം എത്ര
കാലയളവ് എന്ന് എനിക്ക് പറയാനാവില്ല.
ഒന്നിച്ചെഴുതിയും ഒപ്പം നടന്നും മറഞ്ഞ കാലങ്ങളാണ്
മുന്നിൽ.
മരണവാർത്ത ഞാനൊരു ഞെട്ടലോടെയാണ് കേട്ടത്.
ഉടനെ ഞാൻ രാധിക സ്നോജിനെ വിളിച്ചു തിരക്കി.
പക്ഷെ അവർക്കും വിശ്വസിക്കാനായില്ല.
അവസാനത്തെ ഞങ്ങളുടെ കൂടിക്കാഴ്ച തൃശ്ശൂർ സാഹിത്യ അക്കാദ
മിയിൽ പുസ്തകമേള നടക്കുമ്പോളായിരുന്നു.
ഒന്ന് കണ്ടു ചിരിക്കുക മാത്രമാണ് ചെയ്തത്. തൃശ്ശൂർ നിന്ന് ഇറങ്ങി
യിരുന്ന എക്സ്പ്രസ്സ് ആഴ്ചപ്പതിപ്പ് മുതൽ
ഞങ്ങളൊപ്പമുണ്ട്.
സംസാരം കുറച്ചു മാത്രം. സൗഹൃദം അതിൽ ഒതുക്കും.
മൂന്ന് മാസങ്ങൾക്ക് മുമ്പ് ചാവക്കാട് ബ്ലാങ്ങാട് ബീച്ചിൽ മണി ചാവ
ക്കാട് ഒരുക്കിയ ചിത്ര പ്രദർശനം, കവിയ
രങ്ങിലും സലിംരാജ് വന്ന് കവിത അവതരിപ്പിച്ചു.
ഞങ്ങളുടെ അവസാനത്തെ കവിയരങ്ങായിരുന്നു അത്.
വിധി പെട്ടെന്ന് തന്നെ തട്ടിയെടുത്തു കൊണ്ടുപോയി.
എന്റെ ആത്മ സുഹൃത്തിനായ് ഇത്രമാത്രം.



# സലിംരാജ് എന്റെ കളിക്കൂട്ടുകാരൻ



**ബേബി സോഫിയ**

ഓർമ്മകളിലൂടെ ഒരു ചെറു പുഞ്ചിരിയോടെ തലകുനിച്ച് നടന്നുനീങ്ങിയ എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ സലിംരാജ്....... ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഒരുമിച്ചായിരുന്നു ഞാനും സലിംരാജും പഠിച്ചിരുന്നത്. തൃശൂർ ജില്ലയിലെ തളിക്കുളമാണ് ഞങ്ങളുടെ സ്വദേശം.


പഠനത്തിലും, കഥ, കവിത മൽസരങ്ങളിലും ഒന്നാമൻ. ഒരു മികവുറ്റ കലാകാരൻ. 10 ൽ സ്കൂളിൽ തേഡ് റാങ്കായിരുന്നു സലിം രാജിന് ഞാനൊക്കെ 10.B യിലായിരുന്നു അവനോടൊപ്പം പഠിച്ചിരുന്നത് എന്ന് പറയുന്നത് തന്നെ ഞങ്ങൾക്ക് അഭിമാനമായിരുന്നു.

പട്ടാലി രാജൻ മാഷിന്റെയും (മാസികയുടെ അവസാന മിനുക്കുപണികൾക്കിടയിൽ ഇന്ന് (29ന്) സലിംരാജിന്റെ പിതാവ് പട്ടാലി രാജൻ മരിച്ചെന്ന വാർത്ത പുറത്തു വന്നു) കമല ടീച്ചറിന്റെയും ഏക മകൻ നാടിനും സ്കൂളിനും ഞങ്ങൾ കൂട്ടുകാർക്കും അഭിമാനമായിരുന്നു. അത്രക്കും ബ്രില്യന്റ്. ഭാവിയിൽ ഒരു വലിയ പൊസിഷനിൽ അവനെത്തും എന്ന് സ്വപ്നം കണ്ടിരുന്നു മാഷും ടീച്ചറും

ഒപ്പം ഞങ്ങളും. അവന്റെ കൂട്ട് അഭിമാനമായിരുന്നു ഞങ്ങൾക്ക്. പദവികൾക്കപ്പുറത്ത് സലിംരാജ് മലയാള സാഹിത്യത്തിലും തിളങ്ങിയത് ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. കപടതകളില്ലാത്ത നിഷ്കളങ്കമായ പുഞ്ചിരിയുമായി, അകവും പുറവും ഒരേ പോലെ, ആൾകൂട്ടത്തിൽ തനിച്ചായ പോലെ അംഗീകാരങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറി, അന്തർമുഖനായി അതിനേക്കാൾ സൗമ്യമായ വിനയവും ദീപ്തവും നിഷ്കളങ്ക ചിരിയുമായി ഞങ്ങളുടെ 83 ബാച്ച് 10–ാം ക്ലാസ് കൂട്ടുകാരൻ എല്ലാവരുടേയും പ്രിയപ്പെട്ട സലിംരാജ്.

ഞങ്ങളുടെ 10–ാം ക്ലാസ് കൂട്ടായ്മയുടെ മുഖ്യധാരാ പ്രവർത്തനത്തിൽ സജീവ സാന്നിദ്ധ്യമായിരുന്നു സലിം രാജ്. ഷാജിയും സലിം രാജും ചേർന്നാണ് കൂട്ടായ്മക്ക് പേരിട്ടത് ' സതീർത്ഥ്യം 83'. ഞങ്ങളുടെ കൂട്ടായ്മ തികച്ചും വ്യത്യസ്തമായി സഹപാഠികളുടെ ഏതൊരു ബുദ്ധിമുട്ടുകളിലും താങ്ങായും തണലായും ഇപ്പോഴും പ്രവർത്തിച്ച് വരുന്നു. സലിംരാജിന്റെ ഓർമ്മകൾ തുളു മ്പി നിൽക്കുന്ന ഞങ്ങളുടെ തളിക്കുളം ഗവ. സ്കൂളിൽ 10–ാം ക്ലാസിൽ എല്ലാവിഷയത്തിൽ A + വാങ്ങുകയും കലാ സാംസ്ക്കാരിക വിഭാഗത്തിൽ മുന്നിലെത്തുന്ന ഒരു കുട്ടിക്ക് എൻഡോവ്മെന്റ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാപട്യമില്ലാത്ത, നിഷ്കളങ്ക മനസ്സിന്റെ ഉടമയായ ഞങ്ങളുടെ പ്രിയപ്പെട്ട സലിം രാജ് ഓർക്കപ്പെടണം എന്നതത്രേ ഇതിനു പുറകിലെ ചേതോവികാരം. ആരോടും പരിഭവമില്ലാതെ , പരാതികളില്ലാതെ ഞങ്ങൾക്ക് മുന്നിലൂടെ, ഇടറിയ കാൽവെയ്പോടെ, തിരിഞ്ഞൊന്ന് നോക്കാതെ ഉയരങ്ങളിലേക്ക് നടന്ന് കയറിയ സലിംരാജ്... നിനക്ക് എന്റെയും നമ്മുടെ കൂട്ടുകാരുടേയും ഒരായിരം പൂക്കൾ ഇവിടെ സമർപ്പിക്കട്ടെ.

# മരുന്ന്





ദർശന

പുലർച്ചെ, ഗാഢമായ ഉറക്കത്തിൽ നിന്നും എന്നെ ഉണർത്തിയത് ഒരു വെടിയൊച്ചയാണ്. ഒരു നിമിഷം എനിക്കൊന്നും മനസ്സിലായില്ല. വീണ്ടുമൊരു വെടിയൊച്ച മുഴങ്ങി. പിന്നെ പരസ്പരമെന്നോണം തുടരെത്തുടരെ വെടിയൊച്ചകൾ മുഴങ്ങാൻ തുടങ്ങി. ഞാൻ കാതോർത്തു. അപ്പോഴേക്കും ഒരു കൂട്ടപ്പൊരിച്ചിൽ. പിന്നെ തികഞ്ഞ നിശ്ശബ്ദത. ഞാൻ മൊബൈലെടുത്ത് സമയം നോക്കി. അപ്പോൾ സമയം നാല്, നാൽപത്തിയെട്ട് ആയിരുന്നു.

എന്റെയുള്ളിൽ ഒരാശങ്ക നിറയാൻ തുടങ്ങി. അന്നേരത്താണ് മുൻവശത്തെ വാതിൽ അടച്ചിട്ടില്ലല്ലോ എന്നോർത്തത്. ഭർത്താവ് പത്രമിടാൻ പോയപ്പോൾ ചാരിയിട്ടതാണ്. ഞാനപ്പോൾ സമയം നോക്കിയിരുന്നു . നാലുമണി കഴിഞ്ഞേയുള്ളൂ. ഞാനുടൻ മുൻവശത്തെ വാതിൽ അടച്ചിട്ടു. പിന്നെ എപ്പോഴും തുറന്നിട്ടതുകൊണ്ട് അടയ്ക്കാൻ സാധിക്കാത്ത ജനലടയ്ക്കാൻ ഒരു വിഫലശ്രമം നടത്തി. വീണ്ടും വന്നു കിടന്നെങ്കിലും എനിക്കുറങ്ങാൻ കഴിഞ്ഞതേയില്ല. എന്തായിരുന്നു അതെന്നറിയാതെ. മനസ്സിൽ എപ്പോഴും യുദ്ധങ്ങളെ കുറിച്ചുള്ള ഭീതിയായിരുന്നു. മുറിവേറ്റു പിടയുന്ന കുരുന്നുകൾ ഉറക്കം കെടുത്തി. അന്നേരത്തെല്ലാം ഞാനെന്റെ കുഞ്ഞുമോളെ ചേർത്തുപിടിച്ചു. അ

കത്തെ മുറിയിൽ നിന്നും ഭർത്താവിന്റെ അച്ഛൻ ദീർഘമായി ശ്വാസമെടുക്കുന്ന ശബ്ദം കേട്ടുകൊണ്ടിരുന്നു. അതല്ലാതെ മറ്റൊരനക്കവും ഉണ്ടായിരുന്നില്ല . ഇടയിൽ എപ്പോഴോ മകൾ ചുമയ്ക്കുന്ന ഒച്ച നിശ്ശബ്ദതയെ ഭേദിച്ചു. ഞാൻ ഫോണെടുത്ത് ഭർത്താവിനെ വിളിക്കാൻ ശ്രമിച്ചു. എന്നാൽ മറുതലക്കൽ അത് അറ്റൻഡ് ചെയ്യാനുള്ള യാതൊരു നീക്കവും ഉണ്ടായതായി തോന്നിയില്ല. തെരുവുവിളക്കുകൾ അപ്പോഴും കത്തിക്കൊണ്ടിരുന്നു.

ഞാൻ ജാലകത്തിന്റെ വിടവിലൂടെ തെരുവിലേക്ക് തന്നെ നോക്കിയിരുന്നു. ഓരോരോ ചെറിയ അനക്കങ്ങളും ഞരക്കങ്ങളും എന്നെ ഞെട്ടിച്ചുകൊണ്ട്

നിശ്ശബ്ദമായി. മൊബൈൽ ഫോൺ ഓണാക്കിയതേയില്ല. വെളിച്ചം കണ്ട് ആരെങ്കിലും എത്തിയാലോ. ഞാൻ തെരുവിലേക്ക് കാതുകൂർപ്പിച്ചു. ഒരാർത്തനാദമോ അലർച്ചയോ എവിടെയും കേൾപ്പാനില്ല. എന്നെ സമാധാനിപ്പിച്ചുകൊണ്ട് അഞ്ചേ പത്തിന് ഒരു ഇരുചക്രവാഹനം അതിലെ കടന്നുപോയി. അതിനെ പിന്തുടർന്ന് യാതൊരു കോലാഹലങ്ങളും ഉണ്ടായതുമില്ല. അപ്പോൾ ഞാനൊന്നു കിടക്കാൻ തീരുമാനിച്ചു.

ആദ്യമായാണ് ഇങ്ങനെയൊരു അനുഭവം. ഒരു നിസ്സാരമായ ഒച്ചയ്ക്ക് എന്നെ ഇത്രയേറെ ഭയപ്പെടുത്താൻ സാധിക്കുമെങ്കിൽ യുദ്ധം എത്ര ഭീകരമായ അനുഭവമാണെന്ന് ഞാനോർത്തു. അവിടങ്ങളിലെ മനുഷ്യരുടെ നിസ്സഹായതയോർത്ത് എന്റെ ഹൃദയം നുറുങ്ങി. ഒരു പക്ഷേ മറ്റ് രാജ്യങ്ങളിലും എന്റെയീ രാജ്യത്ത് തന്നെയും നടക്കുന്ന വർഗീയ ലഹളകളോ യുദ്ധഭീതികളോ ആക്രമണങ്ങളോ ഈ കൊച്ചു നാട്ടിൽ അനുഭവിക്കേണ്ടി വന്നിട്ടില്ലാത്തതു കൊണ്ടായിരിക്കാം. യുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന വാർത്തകൾ കേട്ടു തുടങ്ങിയാൽ ഓരോ ദിവസവും പത്രം നിവർത്തി നോക്കാൻപോലും ഞാൻ ഭയപ്പെട്ടു. എന്റെ കയ്യെത്തും ദൂരത്ത് ആയുധങ്ങൾ കരുതിവെച്ചു. ഉറങ്ങാൻ പോകുന്നതിനു മുമ്പ് പലവട്ടം വാതിലുകളും ജനലുകളും അടച്ചോയെന്ന് ഉറപ്പുവരുത്തി. എന്റെ വേവലാതി കണ്ടാകണം മക്കൾ പരിഹസിച്ച് ചിരിക്കാൻ തുടങ്ങി. പിന്നെയവർ രാത്രിയായാൽ ചോദിക്കും അമ്മ വാതിൽ അടച്ചോ ന്ന് നോക്കിയോ. അമ്മയീ ജനൽ കുറ്റിയിട്ടില്ലാല്ലോ ന്ന്. കളിയാക്കുകയാണ് എന്റെയുള്ളിലെ ആധി അവർക്കറിയില്ലല്ലോ. ഉറക്കം വരാത്ത രാത്രികളിൽ ഒരു വിമാനത്തിന്റെ ഇരമ്പൽ കേട്ടാൽ ഞാൻ നടുങ്ങുന്നു. ചിലപ്പോൾ ഞാനാലോചിക്കാറുണ്ട്. ഭൂമിക്കടിയിൽ ഒരു തുരങ്കം കുഴിച്ച് അതിനുള്ളിലേക്ക് താമസം മാറിയാലോന്ന്. അക്രമികൾ വരുമ്പോൾ ഒഴിഞ്ഞ വീട് കണ്ട് തിരിച്ചു പൊക്കോളുമല്ലോ!

ഞാനൊന്നു നിർത്തി. അതോടൊപ്പം തന്നെ മേശപ്പുറത്ത് കറങ്ങിക്കൊണ്ടിരുന്ന നിറമില്ലാത്ത സ്ഫടികഗോളത്തിനുള്ളിലെ ചെമന്ന നിറമുള്ള പൂക്കളും ചലനം നിർത്തി. അതിനു മുകളിൽ വിരലമർത്തി

ഡോക്ടർ അശ്വിൻ എന്നെ ചുഴിഞ്ഞു നോക്കി.

'തുരങ്കം ഉണ്ടാക്കുകയോ?"

'അതെ പട്ടാളക്കാരൊക്കെ ചെയ്യുംപോലെ".

ഞാൻ നിഷ്കളങ്കമായി പറഞ്ഞു. സഫാരി ചാനലിൽ കണ്ട സന്തോഷ് ജോർജ് കുളങ്ങരയുടെ വിയറ്റ്നാമിലെ കാഴ്ചകളിലെ ഒളിവിടങ്ങളെക്കുറിച്ച് ഞാനന്നേരത്ത് വെറുതെ ഓർത്തു.

'മിസ്സിസ് ദീപ്തി, ഇനിയും നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ?'

'ഇല്ല. ഞാനാകെ വേവലാതിയിലാണ്. മുൻപ് രാത്രിയിലായിരുന്നു ഈ പ്രശ്നങ്ങൾ എന്നെ ശല്യപ്പെടുത്തിയിരുന്നത്. എന്നാൽ ഇപ്പോൾ പകലുകളിലും എനിക്ക് പേടിയാണ്. ഓഫീസിൽ പോകാൻ തോന്നുന്നില്ല. അവിടെയിരിക്കുമ്പോൾ വീട്ടിലുള്ള മക്കളെക്കുറിച്ച് ഓർക്കും. അപ്പോൾ വീട്ടിലേക്ക് വരണംന്ന് തോന്നുന്നു.

ഓഫീസിൽ എല്ലാവരും ഇപ്പോഴെന്നെ കളിയാക്കിത്തുടങ്ങി.

എനിക്കറിയില്ല എന്താണ് ചെയ്യേണ്ടതെന്ന്".

ഞാൻ നിസ്സഹായതയോടെ ഡോക്ടറെ

നോക്കി.

'എന്നിട്ട് ഇത് ആരോടെങ്കിലും പറഞ്ഞോ?"

'പറഞ്ഞപ്പോഴാണ് വിഷമം ഉണ്ടായത്. എല്ലാവരും എന്നെ പരിഹസിച്ചു ചിരിച്ചു. എനിക്കത് സഹിക്കാൻ പറ്റിയില്ല

എനിക്ക് ആരോടും മിണ്ടാൻ പോലും തോന്നുന്നില്ല. എല്ലായ്പ്പോഴും ഒറ്റയ്ക്കിരിക്കണം എന്ന് തോന്നുന്നു. എന്നാൽ എല്ലാവരും ഒപ്പമുണ്ടായിരിക്കണം എന്നും തോന്നുന്നുണ്ട്".

'ദീപ്തി, നിങ്ങൾ പറഞ്ഞുകേട്ട കാര്യങ്ങളിൽ നിന്നും ഞാനനുമാനിക്കുന്നത് നിങ്ങൾക്ക് ആങ്സൈറ്റി ഡിസോർഡർ ആണെന്നാണ്. അതായത് അനാവശ്യമായ ഉൽക്കണ്ഠ. എന്തെങ്കിലും സംഭവിക്കുമോയെന്നുള്ള ഭീതി, അതുമൂലം ഉണ്ടാകുന്ന ഒരു വിഷാദം. അത്തരം ഒരു മാനസികാവസ്ഥയിലൂടെയാണ് നിങ്ങൾ കടന്നു പോകുന്നത് എന്ന് ഞാൻ കരുതുന്നു. എങ്കിലും പേടിക്കേണ്ട കാര്യമൊന്നുമില്ല. കുറച്ച് എക്സർസൈസ്, കുറച്ചു മരുന്ന്. അതിലൂടെ നമുക്ക് മാറ്റിയെടുക്കാവുന്നതേയുള്ളൂ".

ഡോക്ടർ ലാഘവത്തോടെ പറഞ്ഞു.

'സിസ്റ്റർ ഇവരുടെ ഭർത്താവിനോട് വരാൻ പറയൂ.''

അജിത്ത് മുറിയിലേക്ക് കയറി വന്നപ്പോൾ ഞാൻ നോക്കിയതേയില്ല. മക്കളോടൊപ്പം ചേർന്ന് പരിഹസിക്കുകയായിരുന്നില്ലേ. അവൻ അടുത്ത് വന്നിരുന്ന് അലിവോടെ എന്നെ നോക്കി. ഞാനത് ശ്രദ്ധിച്ചില്ല.

' അജിത്ത് ഞാനിവരുമായി സംസാരിച്ചു. അമിതമായ ഉൽക്കണ്ഠയും ഭയവും അനാവശ്യമായ ചിന്തകളും പിന്നെ ജോലിയുടെ പിരിമുറുക്കങ്ങൾ, വീട്ടിലെ നിസ്സാരമായ പ്രശ്നങ്ങൾ എന്നിവ മൂലം ഉണ്ടാകാവുന്ന ഒരു ഡിസോർഡർ ആണ്. തുടക്കമാണ്. കുറച്ച് തെറാപ്പികളുടെയും മരുന്നിലൂടെയും ഇപ്പോൾ ശ്രദ്ധിച്ചാൽ മാറ്റാൻ പറ്റും. പക്ഷേ നിങ്ങളും കൂടി സഹകരിക്കണം . ഇവർ പറയുന്നതെന്തെന്ന് കേൾക്കാൻ തയ്യാറാകണം".

ഞാൻ ഗൗരവത്തോടെ ഒന്നിളകിയിരുന്നു.

'മിസ്സിസ് ദീപ്തി, ഒന്ന് പുറത്തിരിക്കാമോ?'

ഡോക്ടർ എന്നോട് ആവശ്യപ്പെട്ടു.

ഞാൻ പതിയെ എണീറ്റ് പുറത്തേക്ക് നടന്നു. ക്ലിനിക്കിന് പുറത്ത് മനോഹരമായ ഒരു പൂന്തോട്ടമുണ്ട്. നിറയെ പൂക്കൾ. ഓ ഇതാ ചെടിയാണല്ലോ. എപ്പോഴും പൂക്കുന്ന വെള്ളയും വയലറ്റും നിറത്തിലുള്ള പൂക്കൾ നിറഞ്ഞ ചെടി. നല്ല സുഗന്ധവുമുണ്ട്. ഓൺലൈനിൽ കണ്ടിട്ട് വില നോക്കിയപ്പോൾ വേണ്ടെന്ന് വെച്ചതാണ്. തിരിച്ചുപോകാൻ നേരത്ത് ആ സിസ്റ്ററോട് ചോദിക്കണം. ഒരു കമ്പ് തരുമോയെന്ന്. കമ്പ് നട്ടാലും മുളക്കുമോ ആവോ.

വാതിൽ തുറന്നടഞ്ഞു. അജിത്ത് ഗൗരവത്തോടെ അടുത്തേക്ക് വന്നു പറഞ്ഞു

' പോകാം'.

കാറിൽ തിരിച്ചുപോരുമ്പോൾ അജിത്ത് ഒന്നും മിണ്ടിയതേയില്ല.

'ഡോക്ടർ എന്താണ് പറഞ്ഞത്?"

ഞാൻ ചോദിച്ചു.

'നിനക്കെന്തിന്റെ അസുഖാ. ഇതൊക്കെ ഉള്ളിൽ വച്ചിട്ടാണ് നീ എന്നോട് പെരുമാറിയിരുന്നത് അല്ലേ?"

'എന്താ അജിത്ത്?'

'ഒന്നുമറിയാത്തതുപോലെയുള്ള നിന്റെയീ ഭാവം കാണുമ്പോൾ തന്നെ ദേഷ്യം വരുന്നു. ആ ഡോക്ടർ പറഞ്ഞത് ഭാവിയിൽ നീയെന്നെ സംശയിച്ചാലും കുറ്റം പറയാൻ പറ്റില്ല, നിന്റെ അസുഖത്തിന്റെ ഭാഗമാണെന്ന്. എന്തോന്നസുഖം. ഇന്നാള് ഞാനെന്റെ ക്ലാസ്മേറ്റിന്റെ കാര്യം പറഞ്ഞപ്പോൾ രണ്ടു ദിവസം നീ മിണ്ടാതിരുന്നത് ഇപ്പോഴല്ലേ എനിക്ക് മനസ്സിലായത്'.

ഞാനാകെ അന്തംവിട്ടുപോയി. ഞാൻ ഡോക്ടറോട് ഇതൊന്നും പറഞ്ഞിട്ടില്ലല്ലോ. അജിത്ത് ഡ്രൈവിങ്ങിൽ മാത്രം ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇനിയൊന്നും പറഞ്ഞിട്ട് കാര്യമില്ല.

ഞാൻ പുറത്തേക്ക് നോക്കിയിരുന്നു.

കാഴ്ചകൾ പുറകിലേക്ക് ഓടിക്കൊണ്ടേ

യിരുന്നു.

അജിത്തിന്റെ പിണക്കം എന്തായാലും രണ്ടു ദിവസത്തിൽ കൂടുതൽ നിൽക്കാറില്ല എന്ന സമാധാനം മാത്രം എനിക്കുണ്ടായിരുന്നു.

’എന്തായി അമ്മേ, ഡോക്ടറെന്താ പറഞ്ഞത്?‘

വീട്ടിലെത്തിയതും മകളുടെ ചോദ്യം. അജിത്ത് ഗൗരവത്തോടെ അകത്തേക്ക് കയറിപ്പോയി.

‘ഒന്നുമില്ല, മരുന്നും എന്തോ തെറാപ്പിയും വേണം“.

‘മീനു, ആന്റി വിളിച്ചിരുന്നു. അമ്മ വന്നാ വിളിക്കാൻ പറഞ്ഞിട്ടുണ്ട്”.

ഞാൻ ഫോണെടുത്ത് മീനുവിനെ വിളിച്ചു.

എല്ലാം കേട്ടശേഷം അവൾ പറഞ്ഞു.

‘നിനക്ക് ഡോക്ടറെ കാണാൻ പോകേണ്ട വല്ല കാര്യമുണ്ടായിരുന്നോ? അല്ലെങ്കിലും ഇപ്പോൾ ആരെങ്കിലും സൈക്കോളജിസ്റ്റിനെ കാണാൻ പോവോ. ആരെങ്കിലും കേട്ടാൽ നിനക്ക് തലയ്ക്ക് സുഖമില്ലാന്ന് പറഞ്ഞു നടക്കും. നീയിനി അങ്ങോട്ടൊന്നും പോവാൻ നിൽക്കണ്ട. മെഡിറ്റേഷൻ ചെയ്താൽ മതി.

നിന്നോട് എത്ര നാളായി പറയുന്നു ഞങ്ങളുടെ ഗ്രൂപ്പിലേക്ക് വരാൻ“.

‘ഓ. അത് വെറുതെ കണ്ണടച്ചിരിക്കല്ലേ‘, ഞാൻ താല്പര്യമില്ലാത്ത മട്ടിൽ പറഞ്ഞു.

‘അതിന്റെ ഗുണം നിനക്ക് അറിയാഞ്ഞിട്ടാണ്

അമ്മയ്ക്ക് നല്ല മാറ്റമുണ്ട്. ഇപ്പോ ശ്വാസസംബന്ധമായ അസുഖമാണെങ്കിൽ മെഡിറ്റേഷൻ ചെയ്യുമ്പോൾ സൂര്യനിൽ നിന്നുള്ള നീല രശ്മികളെ ഓർക്കണം. അത് നമ്മുടെ നെഞ്ചിൽ പതിക്കുന്നതായിട്ട് സങ്കൽപ്പിക്കാ. അത് തുടർച്ചയായി ചെയ്താൽ ശ്വാസ സംബന്ധമായ അസുഖങ്ങൾ മാറും.

വയറിലെ അസുഖങ്ങളാണെങ്കിൽ സൂര്യൻ നിന്നുള്ള ചുവന്ന രശ്മികൾ വയറിൽ പതിക്കുന്നതായി സങ്കൽപ്പിക്കണം. തീർച്ചയായും മാറ്റമുണ്ടാകും. അമ്മ അത് തുടർച്ചയായി ചെയ്യുന്നുണ്ട്“.

എനിക്ക് ചിരി വന്നു. അല്ലാതെ ഒരാഴ്ച ആശുപത്രിയിൽ കിടന്ന് ഡോക്ടറെ കണ്ടു മരുന്നു കഴിച്ചിട്ടല്ല അമ്മയ്ക്ക് കുറഞ്ഞത്.

‘അപ്പോ ഇങ്ങനെയുള്ള ചിന്തകൾക്കോ?‘

ഞാൻ വെറുതെ ചോദിച്ചു.

‘അതിനിപ്പോ സൂര്യനിൽ നിന്നുള്ള വെളുത്ത രശ്മികൾ തലയിൽ പതിക്കുന്നതായിട്ട് സങ്കൽപ്പിക്കണം. തലച്ചോറിലേക്ക് അതിന്റെ തീവ്രത വരും. അപ്പോൾ ചിന്തകൾക്കൊക്കെ മാറ്റം വരും“.

‘ശരി നോക്കട്ടെ”. ഞാൻ മീനുവിനെ മുഷിപ്പിക്കാതെ ഫോൺ വെച്ചു.

‘മീനുവാന്റി എന്താ പറഞ്ഞത്?“

ബർമുഡ ട്രയാങ്കിളിൽ നിധി തേടി പോവുകയായിരുന്ന മകൾ ടാബിൽ നിന്ന് മുഖം ഉയർത്താതെ ചോദിച്ചു.

‘ഓ, എന്തോ രശ്മികളുടെ കാര്യങ്ങൾ പറഞ്ഞു. അത് ചെയ്താൽ അസുഖങ്ങൾ മാറും ത്രേ“.

‘എന്നിട്ട് അമ്മെന്താ തീരുമാനിച്ചെ?‘

‘എനിക്ക് വട്ടല്ലേ, ഈ രശ്മികളെയോർത്ത് കണ്ണടച്ചിരിക്കാൻ”.

‘പിന്നല്ലാതെ. ഡോക്ടറുടെ അടുത്താകുമ്പോൾ മരുന്നും കഴിക്കണം എക്സർസൈസും ചെയ്യണം. ഇതാവുമ്പോ വേറെ പ്രശ്നമൊന്നുമില്ല, വെറുതെ കണ്ണടച്ചിരുന്നാൽ മതി. ആന്റി നല്ല സൈക്കളോജിക്കൽ മൂവ്മെന്റാ നടത്തിയേ.

അല്ലെങ്കിലും തലയ്ക്ക് സുഖമില്ലാത്തവർക്ക് ഇതിലും നല്ല ചിലവ് കുറഞ്ഞ ചികിത്സ വേറെയെന്താ ഉള്ളത്“.

അവൾ വീണ്ടും ടാബിലേക്ക് മുഖം പൂഴ്ത്തി. കുടിക്കാനെടുത്ത വെള്ളം തുളുമ്പിപ്പോയത് തൊണ്ടയിൽ കുടുങ്ങിയ ഞാൻ മിണ്ടാനാകാതെ നിന്നു.

●



# വൃദ്ധസദനം



അശോകൻ.സി.ജി

സായന്തന കാലത്ത്
ആത്മക്ഷതങ്ങളുടെ ചുമടിറക്കി വെക്കാനുള്ള ഇടം ...,
അവിടെ അനുഭവങ്ങളുടെ ശേഷിപ്പുകൾ..,
കാലത്തിന്റെ ബാക്കിപത്രങ്ങൾ .. തിരസ്കരിക്കപ്പെട്ടവരുടെ
സാക്ഷിമൊഴികൾ
സ്വന്തം ബന്ധുത്വങ്ങളിൽ നിന്നും വ്രണപ്പാടുകളേറ്റു
വാങ്ങിയ ശരീരങ്ങൾ ..
പാർശ്വവൽക്കരിക്കപ്പെട്ട വരുടെ കൂടാരങ്ങൾ ..
സ്വപ്നങ്ങൾ അസ്തമിച്ചവരുടെ
ശവക്കല്ലറകൾ...

ഓണം ,വിഷു , ക്രിസ്തുമസ് ബക്രീദ് , റംസാൻ..
കലണ്ടറുകളിൽ നോക്കി
ദിവസങ്ങളെണ്ണി ഗേറ്റിലേക്ക്
ആകാംക്ഷയോടെ കണ്ണ് നട്ട്  കാത്തിരിക്കുന്നവർ

ചുമർഘടികാരത്തിലെ സൂചിയുടെ ചലന
ത്തിനനുസരിച്ചുയരുന്ന കൂട്ടമണിയുടെ അനുസ്മരണയിൽ
ചിന്തയും കർമ്മങ്ങളും ബാല്യത്തിലേക്ക്
കൂപ്പു കുത്തുന്നു...
ഇടയ്ക്കിടെയെത്തി
ആത്മാവിനെ തൊട്ടുനിർത്തുന്ന നോവുകൾ
പരസ്പരം പകർന്നാശ്വസിക്കുകയാണ് അംഗങ്ങളെല്ലാം ..

വല്ലപ്പോഴും പടി തുറക്കുന്ന ശബ്ദം കേട്ടാൽ
ആകാംക്ഷയുടെ തുകിലുണർന്ന് എല്ലാ കണ്ണുകളും അങ്ങോട്ട്
പാഞ്ഞു ചെല്ലും ..
വിളർത്ത വദനവുമായി പുതിയൊരു അതിഥി
കൂടി സദനത്തിലേക്കെത്തുന്നു.
ദൈന്യതയോടെ തിരിഞ്ഞുനിന്നു മക്കളെ
കൈകൂപ്പി യാത്രയയ്ക്കും
വയോജനമെന്ന അധിക ഭാരത്തെ കയ്യൊഴിഞ്ഞ
ആഹ്ലാദത്തിൽ വിടപറഞ്ഞൊഴിയുന്ന
മക്കൾ...
കൈകൂപ്പി നിൽക്കുന്ന
പുതിയ അംഗത്തെ സ്വീകരിച്ചാനയിക്കുന്ന വൃദ്ധസദനം ...





രേഖ സി.ജി.

# ആർക്കും വേണ്ടാത്ത കണ്ണ്

ലോകം മുഴുവൻ
അലഞ്ഞുതിരിഞ്ഞവന്റെ കണ്ണ്
വിൽപ്പനക്കുവച്ചിരിക്കുകയാണ്.

കണ്ണാടിഭരണിക്കുള്ളിൽ
വെള്ളയിൽ
ഒരു പോറൽപ്പോലുമേൽക്കാതെ
കറുത്ത
കൃഷ്ണമണിയോടുകൂടിയ
കണ്ണ്.

കൺപീലികളാൽ പൊതിഞ്ഞുസൂക്ഷിച്ച
കണ്ണ്.

കുട്ടികൾക്കിടയിൽ
പുതിയൊരു ജലപാതയുണ്ടാക്കി
നിഷ്ക്കളങ്കതയുടെ നീരിറക്കമായി.

മുതിർന്നവർക്കിടയിൽ
വിവിധ ഭാവങ്ങളിലൂടെ
കൺപീലികൾ അടഞ്ഞുതുറന്നു.

കനിവിന്റെ അശ്രുപൊഴിച്ച്
നനവുവറ്റാത്ത,
അനീതിയുടെ കാഴ്ചപടവുകളിൽ
തീപ്പന്തമായ,

പ്രണയലോലുപതയിൽ
പലവട്ടം അടച്ചുതുറന്ന,
ഇരുട്ടിൽ നിലാവുപടരുമ്പോൾ
കാഴ്ചയേറിയ,
വിശ്വാസത്തിന്റെയങ്ങേയറ്റത്തെ
ഒറ്റുകാരനെ തിരിച്ചറിഞ്ഞ,
കണ്ണാണിത്.

പൊടിയും
പുളിപ്പും
ചൂടും
തിളപ്പും
തണുപ്പും
പൊട്ടിത്തെറിയും
ആർത്തലച്ച
കണ്ണാണിത്.

അലഞ്ഞുതിരിഞ്ഞവന്റെ കണ്ണ്.

നിങ്ങൾക്കും
വേണമെങ്കിൽ വാങ്ങാം
വില നിശ്ചയിച്ചിട്ടില്ല

കണ്ണിന്റെ വിലയറിയാത്തവന്
വിലപേശേണ്ടതില്ല.
അറിഞ്ഞവൻ വിൽപനക്കാരനുമായി
പുതിയ കരാറുണ്ടാക്കട്ടെ...


# മഴനോവ്

കവിത

പെയ്തൊഴിയുന്ന മഴയ്ക്ക്
പലതരം ഗന്ധങ്ങളാണ്,
ബാല്യത്തിന്റെ ഇരുട്ടു നിറഞ്ഞ ഇടനാഴികളിൽ
പെരുമഴയുടെ താളത്തിൽ
ഒലിച്ചുണങ്ങിയ
കണ്ണീരിന്റെ ഗന്ധം
ഒരു പകൽ മുഴുവൻ
പൊതിരെ നനഞ്ഞ്
പകുതിയുണങ്ങിയ
അമ്മത്തുണിയുടെ ഗന്ധം
നനഞ്ഞൊട്ടിയ
ഇലഞരമ്പുകൾ വേർപെടുമ്പോഴുള്ള
വിരഹത്തിന്റെ ജലഗന്ധം
അവധിക്കാലങ്ങളിൽ
ഹോസ്റ്റൽ മുറിയിലെ വീടോർമ്മകളിൽ
തങ്ങി നിന്ന വിശേഷണമറിയാത്ത ഗന്ധം
അതു പെയ്തൊഴിയുന്നതും കാത്ത്
ഒറ്റമരച്ചോട്ടിലെ
നിന്റെ ഗന്ധത്തിനായി തുറന്നു വച്ച
പുഴമോഹങ്ങളുടെ തുരുത്ത്...



ഡോ രമ്യരാജ്



കവിത



# ജക്കരാന്ത

നിനച്ചിരിക്കാതെ യാണ്...
ഉച്ചയുറക്കത്തിന്
നീലക്കസവുതുന്നി
നിമിഷനേരം കൊണ്ട്
ജക്കരാന്ത
പൂവിട്ടത്... !

വന്നു ചേരാത്ത
വസന്തത്തെ
വാരിപ്പുണരാ൭ ഒരുങ്ങുന്നവളുടെ
വിഭ്രാന്തിക്ക്
ശമനമെന്നതുപോലെ...

നീലമേഘത്തുണ്ട്
അട4ന്നപോലെ
നീലഗിരി കുന്നിൽ
ആദ്യമായി കണ്ട പഴയ
നീലവാകയാണെന്ന്
ഓ4മ്മിപ്പിച്ച്

ചേതനയറ്റ
എന്റെ മിഴികളിലേക്ക് നോക്കി
നേർത്ത
നീല ദളങ്ങൾ
പൊഴിച്ച്
അരികിൽ
തൊട്ടു  തൊട്ടങ്ങനെ..

പ്രണയം മറവുചെയ്ത
ഒരുവളോട്
വീണ്ടും...
എന്തോ അടക്കം
പറയുന്നപോലെ ...!



ലേഖ കാക്കനാട്ട്





ജിബി മീനാക്ഷി

# പിരിയുവാൻ വേണ്ടി

ഇരുവഴിയ്ക്കായ് പിരിയുവാൻ മാത്രം
ഒരു വഴിയിൽ ഒത്തുകൂടുന്നു നാം..
കരൾ തുളയ്ക്കുന്ന കദനങ്ങളൊക്കെയും
കണ്ണുനീരിലായ് ചാലിച്ചു ചൊല്ലുന്നു..
ചിരി നിറയ്ക്കുന്നു ചുണ്ടിലായെപ്പോഴോ
കുളിരു തേടുന്നു കനിവു തേടുന്നു നാം
സ്നേഹപാശത്താൽ ബന്ധനം തീർക്കുന്നു
കുടിയിരുത്തുന്നു ഉള്ളിലായ് ബന്ധങ്ങൾ..
ഇന്നലെയോളം ഞാൻ കണ്ട പുഞ്ചിരി
ഇന്നലെയോളം ഞാൻ കേട്ട വാക്കുകൾ
ഇല്ല കാണുവാൻ കേൾക്കുവാൻ ഇന്നത്
മാഞ്ഞുപോകുന്നു പോകും വഴികളിൽ
കൈയിലായൊരു ഭാണ്ഡമുണ്ടുള്ളിലായ്
കദനമൊക്കെയും കരുതിവെയ്ക്കുന്നു ഞാൻ
പശിയടങ്ങാത്ത മനസ്സും അതിനൊപ്പം
മാഞ്ഞുപോയൊരാ വസന്തകാലങ്ങളും
നാലുപാടും ചിതറിയോരോർമ്മകൾ
ചേർത്തുവെയ്ക്കുന്നു പോകാൻ സമയമായ്..
ഇരുവഴിയ്ക്കായ് പിരിയുവാൻ മാത്രം
ഒരു വഴിയിൽ ഒത്തുകൂടുന്നു നാം...



ദർശന

# അകലങ്ങൾ

ഇറങ്ങിപ്പോരും പോലെ എളുപ്പമല്ല
തിരിച്ചുകയറാനെന്ന് എന്നെ പഠിപ്പിച്ചത് വീടാണ്.

പതിനൊന്നാം വയസ്സിൽ ഒരു വീട്ടിൽ നിന്നും
ഇറങ്ങിപ്പോന്നപ്പോൾ എല്ലാരും കൂടെ വന്നിരുന്നു.

ഇരുപത്തിയൊന്നാം വയസ്സിൽ മറ്റൊരു
വീട്ടിൽ നിന്നും ഇറങ്ങിയപ്പോൾ പക്ഷേ, തനിച്ചായിരുന്നു.

വീടിനെന്തൊരു സാമർത്ഥ്യം!
അതുപിന്നെ അച്ഛനെയും അമ്മയെയും
അനിയത്തിയെയും അതിൽ നിന്നിറക്കി വിട്ടു.

അതിന്റെ മട്ടുപ്പാവിലെ ഞങ്ങളുടെ കൃഷി
പരീക്ഷണങ്ങളെ സൗകര്യപൂർവ്വം മറന്നു.

അതിന്റെ മുറ്റം മനോഹരമാക്കാൻ
ഞങ്ങളൊരുക്കിയ പൂന്തോട്ടത്തെ മറന്നു.

കോയമ്പത്തൂരിൽ നിന്നും അച്ഛൻ കൊണ്ടുവന്ന ഊട്ടി
സീനിയയും ഡാലിയയും എത്ര മനോഹരമായാണ്
പൂക്കൾ നിറച്ച് കാത്തു നിന്നിരുന്നതെന്നോ .

കടന്നു കയറിയവർ ആദ്യം വെട്ടിയത് ചുവന്ന
പൂക്കൾ നിറഞ്ഞ രാജമല്ലിയും വെള്ള മന്ദാരവുമായിരിക്കണം.

അതിന്റെ കൊമ്പിൽ വന്നിരിക്കാറുള്ള
കൊക്ക് ചുവന്ന തത്തമ്മയെ പിന്നെ
കണ്ടിട്ടേയില്ലെന്ന് ബന്ധുക്കൾ.

ഇലഞ്ഞിമരം വെട്ടിയതോടെ പറമ്പിലെ
സുഗന്ധമേ പോയിയെന്നവർ വീണ്ടും.

അവിടെയൊരു പൂമുഖം വന്നതോടെ
വീടിന് ഗമയേറിയെന്ന് നാട്ടുകാർ.

അതിന്റെ ചുവരിൽ ഞാൻ പതിപ്പിച്ച,
എന്റെ എക്കാലത്തെയും മികച്ച വരയെന്ന്
എല്ലാരും സാക്ഷ്യപ്പെടുത്തിയ ,
പിന്നീടൊരിക്കലും ഞാൻ വരച്ചിട്ടില്ലാത്ത,
അമ്പലപ്പറമ്പിലെ ആലിന്റെ പെൻസിൽ സ്കെച്ചുകൾ
എടുക്കാൻ മറക്കരുതെന്ന് വീട് അവരോട്
പറഞ്ഞില്ലെന്ന് അമ്മയും അനിയത്തിയും.

നിനക്ക് ഇനിയും വരയ്ക്കാമല്ലോയെന്ന് അച്ഛൻ.

ഒരിക്കൽ വരച്ചത് വീണ്ടും വരയ്ക്കാനാകില്ലെന്ന്
ആരും എന്താണോർക്കാത്തത്?

ശുചിമുറിയുടെ ചുവരിൽ ഞാൻ വരച്ച മയിൽ,
പുതിയ ചായത്തിന്റെ അടരുകളിൽ നിന്നും
പുറത്തു കടക്കാനാകാതെ പരുക്കൻ ശബ്ദത്തിൽ
കരഞ്ഞു രാത്രിയിലിപ്പോഴും എന്റെ ഉറക്കം
കെടുത്തുന്നുണ്ടെന്ന് അവരോട് പറയുന്നതെങ്ങനെ?

അല്ലെങ്കിലും ഓർമ്മകളുടെ അടരുകളിൽ
കുടുങ്ങിപ്പോയതെല്ലാം ഇപ്പോഴും പുറത്ത്
കടക്കാനാകാതെ അകന്നു നിൽക്കുകയാണ്.

അച്ഛനെപ്പോലെ, അച്ചാച്ചനെപ്പോലെ,
അച്ചമ്മയേയും അമ്മൂമ്മയേയും അമ്മായിയേയും പോലെ,
തൊടാനാകാത്തത്രയും അകലത്തിൽ.





# സ്വപ്നങ്ങൾക്ക് ചങ്ങലകൾ വേണമെന്നില്ലല്ലോ



ഡോ.പി. സജീവ്കുമാർ

നീങ്ങാത്ത സമയം
ഓർമ്മിപ്പിക്കുന്നതൊരൊച്ചിനെ .
ഉദ്യാനത്തിൽ വിടരാത്ത പുഷ്പം
ഭൂതകാല പ്രണയനഷ്ടത്തെ .
നടന്നു തീരാത്ത പാതകൾ
പരന്നുകിടക്കുന്ന ജീവിതത്തെ .
ഒഴിയാത്ത അസഹിഷ്ണുത
കാർമേഘംപൂണ്ട സമൂഹത്തെ.
വീണ്ടഭൂമി, കൊടുംവേനലിനെ,
മണ്ണിന്റെ,വിശപ്പിനെ.

ജാലകം വഴിവരും ചുടുകാറ്റ്
പറയുന്നുണ്ട്,
ഇത് വല്ലാത്ത കാലം
ഒന്നും ശരിയല്ലാത്ത സമയം.
മനസ്സ്,കൂട്ടിയും കിഴിച്ചും
പറയുന്നുണ്ട്,
ഈ കാലം എന്നും
ഇങ്ങനെയാവണമെന്നില്ല
എല്ലാം ശരിയാകുന്നൊരു കാലം
വരാതിരിക്കില്ല.
വിശ്വാസം അതല്ലേ എല്ലാം.

വിരസവേളകളിൽ
തത്വശാസ്ത്രങ്ങൾ കൂട്ടു വരുന്നു
ചൊൽക്കഥകളെ ആട്ടിയകറ്റുന്നു
അന്ധവിശ്വാസങ്ങളെ പുറത്തുനിർത്തുന്നു
അരികിലെ ഹൃദയതാളങ്ങൾക്ക്
ചെവി കൊടുക്കുന്നു.
പുതിയതൊന്നു വരുന്നത്
കാത്തിരിക്കുന്നു.
പുതിയ ആകാശം, പുതിയ ഭൂമി
പുതിയ മനുഷ്യൻ.
സ്വപ്നങ്ങൾക്ക് ചങ്ങലകൾ
വേണമെന്നില്ലല്ലോ.

# ഉർവശി ശോഭയോട്



അധികതുംഗപദമണഞ്ഞ
ശോഭികേ,യനാമികേ
അമരപദമണഞ്ഞതെന്തിബ
നത്രവേഗമംബികേ?

ഹിമശലാകപോലെയായ്
ഹരിതശാദ്വലങ്ങളിൽ
സ്മൃതിപരാഗമത്രതൂകി
മൃതിയിലേയകന്നതേ

അനഘസ്മേരമാർന്ന നിൻ
അനലരാഗ വേദി വിബ
ട്ടപഥമെന്നതാവുമോ
ഇരുളിലേയലിഞ്ഞതേ

തിരപഥത്തിലത്രമേൽ
പ്രിയമതായ നിൻ സ്മൃതി
ശതശതം കിനാക്കളായ്
തുടരുമത്രയെങ്കിലും

നിറനിലാവിലെന്ന പോൽ
നിഴലണിഞ്ഞ ജീവിതം
അഴലതോർത്തു മായുമോ
അപരതാരവേദികൾ?

പകുതിയിൽ മറഞ്ഞതെന്തേ
പൊലിമയാർന്ന താരകേ?
പരമശാന്തിയിൽ നിനക്കായ്
നേർന്നിടുന്നു ശോഭനം.



രാജൻ സി എച്ച്

# മുഖപുസ്തകത്തിലെ-കവിത്താരകളും ഒറ്റയാനും.



കവിതച്ചൂരു നിറഞ്ഞ മാനസം.
നിത്യഹരിതം! മനക്കാട്ടുപാതകൾ.
ഒരുപാടായ് മുഖപുസ്തകത്തിലെ,
ചിരിയിൽപ്പൂത്തു വിടർന്ന സൗഹൃദം.

പ്രണയം, വന്യ- വിചാരധാരകൾ,
കനിവിൻ മാനുഷഗന്ധമോർമ്മകൾ,
ചിലരെഴുതും നേരമക്ഷരപ്പു -
ഴയിൽ താള, മൃദംഗ നിസ്വനം!

ചിലരാട്ടെ, കനലിട്ട മൺനില -
ത്തുലയിൽകാച്ചിയൊരായുധത്തിനെ,
കളി വിട്ടെഴുതാനുറച്ചവർ...
ഇരുകൂട്ടരുമേറെയെങ്കിലും.

ഇനിയുണ്ട്, പതിവാർന്ന രീതിയിൽ
നിന്നുലയാനാത്ത കഥാനുഗീതകർ.
സ്ഥിരമൊറ്റ വഴിയിൽ പറഞ്ഞിടും-
നിലയിൽ മതികെട്ടു പോയവർ.

പലനേരമൊതുങ്ങിയാനകൾ
പതിവായ്പ്പോം ചുവന്ന വീഥികൾ,
കുറെയേറെ വനത്തിലപ്പൊഴും-
നൊടിനേരമൊരൊറ്റയാൻ വരാം.

കലിപൂണ്ടിരു കൺതുറന്നിടാം.
തികവാർന്നൊരു മസ്തകത്തില-
ച്ചെളി ചോന്നുകുതിർന്നതാണവൻ!
വിളിയിൽ സത്യ വിചാരമാർന്നവൻ.

ഒരുമട്ടുമതില്ല ശീലവും സ്ഥിര -
വീഥികളെങ്കിലും സദാ -
ചെവിയോർത്തു നടക്കുമേതൊരാ-
സ്വരവും കേട്ടിടയാൻ തുനിഞ്ഞവൻ.

വരുകിൽ പടഹങ്ങൾ, പാട്ടകൾ
തുടികൊട്ടി പ്പറഞ്ഞയയ്ക്കുമീ -
സ്സമുദായ ജനാധിപത്യമേ,
മുരളാനാത്തൊരു സിംഹമാണു നീ.

ഇവിടിത്തിരി കാറ്റുകൊണ്ടിളം-
വെയിലേറ്റക്ഷരമോർത്തിരിക്കുവാൻ
അനുവാദമിവൾക്കു വേണമീ -
എളിയോൾ, ഒട്ടുമറിയപ്പെടാത്തവൾ.



ശ്രീനന്ദിനി സജീവ്

കവിത



# ഭ്രമണം

വിദൂരതയിൽ നിന്നുമെന്നെ പുൽകുന്നുവോ
നിന്നിലെ ആത്മാർഥമാം സ്നേഹവാൽസല്യം.

നിയെനിക്കായ് ആരുമറിയാതെ നൽകിയ ആദ്യ ചുംബനത്തിൻ നനുത്ത തണുപ്പ് ഇന്നുമെന്നിൽ കുളിരായ് അണയുന്നു.


കൊടുംചൂടിൽ തുള്ളിതുള്ളിയായ് പതിക്കും മഴയ്ക്കായ് കാത്തിരിക്കുന്ന ഭൂമിയേ പോലെ നിന്നെ കാത്ത് മിഴിയണയ്ക്കാതെ ഞാനും.

നിശയിലെ നിലാപരപ്പിൽ ചിരിതൂകി നിൽക്കുന്ന നിൻ മുഖം ദർശിക്കുന്നു സ്വപ്നത്തിൽ ഞാനും.

ഏകാന്തതയുടെ സായംസന്ധ്യയിൽ കൂടണയുന്ന സമസ്ത ജന്തുജാലങ്ങളെപ്പോലെ നീയെന്ന സ്നേഹവാൽസല്യത്തിന്റെ വരവിനായ് ഏകയായ് ഞാനും.



ബീന ബിനിൽ



# ഏക്ക്

കുഞ്ഞേടത്തിക്ക് *ഏക്കാണ് ,
പഴുത്ത വരിക്കച്ചക്ക കാണുമ്പോൾ
കടിയുറുമ്പുള്ള മാവിലെ മാങ്ങയോ
തൂങ്ങിയാടുന്ന വാളൻ പുളിയോ
എരിവുകൂടിയ *പണ്ടമോ കണ്ടാൽ
കുഞ്ഞേടത്തിക്ക് ഏക്ക് കൂടും
വായിലെ തുപ്പലിൽ കപ്പലോടും,...

ഏക്ക് തീർക്കാൻ മടിയനായ
കെട്ടിയോനോട് ദിവസവും പോരിടും,
സ്വപ്നങ്ങളിലും പിറക്കുന്ന കുഞ്ഞിന്റെ
താരാട്ടുറക്കത്തിലുറക്കെ പാടും,
ഉണരുന്ന നേരം മൂലയിലടങ്ങിയൊതുങ്ങി
കട്ടിലിൽ തന്നെയെന്നും കിടന്നുറങ്ങും ..

കുഞ്ഞേടത്തിക്ക് പകലും രാത്രിയുമില്ല
ഓക്കാനവും ഛർദിയും ക്ഷീണവും മാത്രം,
വയറ്റിലെ കുഞ്ഞ് അമ്മയെ ചവിട്ടുമെന്നും
കൊച്ചിന്റച്ഛൻ അടുത്തുണ്ടായാലത്
കുറയുമെന്നശാസ്ത്രം കുഞ്ഞേടത്തിക്കുണ്ട് ,
ഓരോ ദിവസവും ഏക്ക് കൂടികൂടി വന്നു...
രാത്രിയിൽ മസാലദോശയും കോഫിയും
വെളുപ്പിന് നൂഡിൽസും *ജൂസുമുൾപ്പടെ ,
ഗത്യന്തരമില്ലാതെ കെട്ടിയോൻ പറഞ്ഞിട്ട്
നാട്ടിലെ *വൈത്യൻ മൂസാക്ക നാഡി
തൊട്ടുനോക്കി : തുടിപ്പെല്ലാം കിറുകൃത്യം ,

പിന്നെ ഏക്കിന്റെ വിവരങ്ങളെല്ലാം
കുറിപ്പടി ചീട്ടിൽ ചോദിച്ചങ്ങ് കുറിച്ചു ,
പത്തു കൊല്ലം പെറാത്തോളെന്നു
പത്തുപേര് വച്ച് പറഞ്ഞത് കൊണ്ടാകും
ഗർഭമില്ലാതിരുന്നിട്ടും അഭിനയിച്ചവളങ്ങനെ,

പിന്നേം.. കുഞ്ഞേടത്തിക്ക് ഏക്കാണ്
പോകെ പോകെയതിനി മാറില്ലെന്ന്
വൈകിയാണ് നാട്ടുകാരറിഞ്ഞത് ,
എന്നും ഏക്ക് കൂടി കൂടി പെറാത്ത
കുഞ്ഞിനെ താലോലിച്ചു നടക്കുന്ന
വരെയെത്തിയപ്പോൾ കണ്ടവരുണ്ട് ,
നൂലുകെട്ടിനാളെ വിളിച്ചു വരുത്തി
ഇല്ലാത്ത കുഞ്ഞിനവൾ പേരിട്ടപ്പോഴുമല്ല ,
പുളിയുള്ള മാങ്ങകണ്ട് ഏക്ക് കൂടി
മാവിൽക്കേറി കയറിട്ടപ്പോഴാണ് ,...
അന്നുവരെ കുഞ്ഞേടത്തിക്കു ഏക്കാണ്
ഒന്ന് *പെറാനാഗ്രഹിച്ചെങ്കിലും
അതവളോളമടങ്ങാത്ത എക്കായങ്ങനെ ..!



നിബിൻ കള്ളിക്കാട്

---

*ഏക്ക് - തെക്കൻ കേരളത്തിലെ സ്ത്രീകളുടെ ഗർഭാവസ്ഥയിലെ കൊതിയുടെ വിളിപ്പേര്
*പണ്ടം - പലഹാരം
*ജൂസ് - പഴച്ചാറിന്റെ പാനീയം
*വൈത്യൻ - ഗ്രാമങ്ങളിൽ പ്രസവം ഉറപ്പിക്കുന്ന വൈദ്യരുടെ വിളിപ്പേര്
*പെറാൻ - പ്രസവിക്കാൻ




# ഭയം

മാറുമീ കാലവും കോലവും മാറ്റമില്ലാതുലയുന്ന മാനസം
തോറ്റുപോകുന്ന മായാ കാഴ്ചകൾ
ചുറ്റിലും പക്ഷേ ഭയമൊരു വിഭ്രാന്തിയായ്
കൂട്ടു ചേർന്നീടുമ്പോൾ മൃദുഹൃദയങ്ങളൊക്കെയും
ശില പോലുറച്ചു പോയ്.
അരുതെന്നോതാൻ
മടിച്ചൊരാ ജൻമങ്ങൾ
നരബലിയിലറിയാതെ
കൂട്ടു ചേർന്നീടുമ്പോൾ
ഭൂത പ്രേത ഭയങ്ങളെ മാറ്റിനാം
മർത്ത്യ രൂപങ്ങളെ പേടിച്ചൊളിക്കുന്നു.
മൗനസഞ്ചാരത്താലുലകിലൊതുങ്ങുമ്പോൾ,
നീതി ശാസ്ത്രങ്ങളും തോറ്റു പിൻമാറുമ്പോൾ
ഇവിടെ പിറക്കട്ടെ യുദ്ധകാണ്ഡം !



സജിത രഘുനാഥ്



# ആകാശത്ത്

പായലുകൾ പൊതിഞ്ഞ മതിൽ ചിരണ്ടിയും
കരികൊണ്ടു ചിത്രങ്ങൾ സൃഷ്ടിച്ചു
മാനവ ലോകത്തെ അത്ഭുതമാക്കിയ ചിത്രകാരാ
നിന്നെയിപ്പോൾ പട്ടണ –
വീഥികളിൽ കാണാറില്ലല്ലോ?

‘കുഞ്ഞേ,
വരച്ചു വരച്ചു തുരുമ്പുപിടിച്ച തലച്ചോറുമായി
മഞ്ഞ പൂശിയ ആശുപത്രി വരാന്തയിൽ
നിത്യസന്ദർശകനായപ്പോളറിഞ്ഞു

ബാക്കിയാകുന്ന ജീവന്റെ
വെളിച്ചം ഇന്നോ , ’നാളെയോ പൂർണ്ണമാകുമെന്നും
വൈദ്യശാസ്ത്രത്തിന്റെ മേലധികാരികൾ.

ചെമ്പരത്തിയും ,മുല്ലയും
നാളെഅനാഥരാകുമെന്നറിയാം
അവർക്കൊരു തുണയായി ദൈവംകനിഞ്ഞെങ്കിൽ ’
ഞാനെത്രഭാഗ്യനക്ഷത്രമായേനെ.......!



കുഞ്ഞച്ചൻ മത്തായി



കവിത

# ഇത്തിരി വെട്ടം തേടി

ഷംല ആവള

നെയ്തുകൂട്ടിയ സ്വപ്നങ്ങളെ
മാറോടടുക്കി-
യലഞ്ഞുതിരിഞ്ഞവളും

പാതിവഴിയിലന്യമായ
മോഹങ്ങളൊക്കെയും
പാതിക്ക് വേണ്ടിയെ- ന്നാശ്വസിച്ചവളും.

ഏഴുതിരിയിട്ട നിലവിളക്കിന്റെ
മുമ്പിൽ ഏഴഴകുള്ള
പെണ്ണിന് താലി
ചാർത്തിയവൻ

ഇരുമെയ്യുമൊരു മനമെന്ന പോലെ
ആനന്ദ നിമിഷങ്ങളോ-
ടിണങ്ങി, നാളുകളേറെ
കഴിഞ്ഞു പോയി.

ഇണങ്ങിയും പിണങ്ങിയും കാലങ്ങ-
ളോടവേയവളുടെ
യുദരത്തിലൊരു പുതുനാമ്പ് മൊട്ടിട്ടു.

കാത്തിരിപ്പിനൊടുവിലാ
പുണ്യമവരുടെ ചാരെയെത്തി.
ആയിരമായിരം സ്വപ്ന-
ങ്ങളവനിലായ് കണ്ടു
വളർത്തിയവരും

കാലപ്രവാഹത്തിന്റെ
കുത്തൊഴുക്കിൽ
ആഡംബരജോലി
നേടി, ആഡംബരജീവിതം
തേടിയലഞ്ഞു പോയി.

സ്വപ്നങ്ങൾക്ക് ചിറകു
മുളപ്പിച്ച ജീവിതം തന്നവരെ,തനിച്ചാക്കി
ജീവിതം തേടിയകലേ-
ക്ക് പറന്നുപോയി.

അവശത മുറ്റിയ നാളുകൾ പോലും
ഏകാന്തമായവർ

പ്രാർത്ഥനയിൽ
മോനെ ചേർത്തു
നിർത്തി

പണത്തിന്റെ പൊലിവിൽ സേവകരായി
മാലാഖമാരെ
കൂട്ട് നിർത്തിയവൻ

അത്രമേൽ പ്രണയമുള്ളിൽ
നിറഞ്ഞൊരാ പാതികൾ, പരാതികളി-
ല്ലാതെ
മരണത്തിലുമൊന്നിച്ചു
യാത്രയായി

ആറ്റുനോറ്റുണ്ടായ മോന്
അവസാനമായൊന്നു
കാണാൻ ദേഹങ്ങൾ
ഫ്രീസറിന്റെ തണുപ്പറിഞ്ഞു.

ദേഹിയകന്നിട്ടും
മോനെയൊന്നു കാണാൻ
കാത്തിരിപ്പിന്റെ വേദന
രണ്ടു നാളായി പൊള്ളിക്കുന്നു

വീടിന്റെ തെക്കേ പുറത്തൊരു
ചിതയൊരുക്കി
കർമങ്ങൾ നന്നായി
ചെയ്യിച്ചവൻ
ഒരു തിരി കത്തിച്ചു
യാത്രയായി.

ആരോരുമില്ലാതെ
അന്തിക്കൊരു
വെട്ടമേറ്റിടാതെ
ക്ലാവ്പിടിച്ചാ
രണ്ടു കുഴിമാടങ്ങളി-
ന്നുമൊരു നോക്ക്
മകനെ കൊതിച്ചിരിക്കാം



# കർണ്ണികാരങ്ങൾ

സോളി അനിൽ

വസന്തോത്സവത്തിൻ നിറക്കാഴ്ചയേകുവാൻ
പുഷ്പമാല്യവുമായ് കണിക്കൊന്നകൾ
വിഷുപ്പക്ഷി പാടും ഇടവഴിയോരത്ത്
പുളകങ്ങൾചൂടി ഒരുങ്ങിനില്പൂ...

അലകളുയർത്തുന്ന തെന്നലിൻ കൈകളാൽ
ഇളകിത്തുടിയ്ക്കും ചെറുചില്ലയിൽ
ഇലമൂടി പൂത്തുലഞ്ഞീടും കുസുമങ്ങൾ
കരളിലും മുളവേണുവൂതിടുന്നു

കണിയൊരുക്കീടുവാൻ മേടപ്പുലരിയിൽ
രഥമേറിയെത്തുന്ന പൈതൃകത്തിൻ
കുളിർനിലാച്ചന്തം ഇതളിടും സംസ്കാര-
പ്പെരുമയിൽ പൂക്കൾ വിരിഞ്ഞു നില്പൂ...

ദുരമൂത്ത മർത്യന്റെ  ചെയ്തികളിന്ന്
അവനിതൻ മാറുപിളർത്തിടുമ്പോൾ
കനകാഭചാർത്തിയുണരുമീപ്പൂക്കളും
തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞീടുമോ..

വിത്തും കൈക്കോട്ടും പാടിയെത്തിയ പൈങ്കിളി
വിത്തമേകീടും കുളിരോർമ്മയിൽ
തുളുമ്പുംമനസ്സിൻ മണിമുറ്റത്തായിരം
കർണ്ണികാരം തണൽ വിരിച്ചിടട്ടെ...

നിറമുള്ള സ്വപ്നത്തിൻ കൈനീട്ടമേകുവാൻ
തുടിയ്ക്കുംനന്മതൻ നിഴൽവഴിയിൽ
ഒഴുകിപ്പരക്കട്ടെ ഭൂപാളഗീതകം
മലരണിയട്ടെ പുതുനാമ്പുകൾ...

കവിത



# ആതിരനിലാവ്

അന്നുപെയ്ത മഴയിൽ നനഞ്ഞൊരെന്നോർമ്മകളൊക്കെയും തെ
ളിനീരുപോൽ തെളിഞ്ഞുള്ളിലെക്കൊച്ചു
തിരിനാളമായ്,
തെളിഞ്ഞുൾപ്പൂവു പോൽ വിടരുന്നു കാന്തിയാൽ!

ഏറിടുന്ന പരിവേദനങ്ങൾ
നീരുവറ്റി വരണ്ടൊരു പാടം പോൽ
വിണ്ടുകീറിയെൻ നെഞ്ചകം പൊള്ളുന്നു.

ഊടുപാകി പഴുപ്പിച്ചെടുത്തൊരു
ചന്തം ചിന്തുന്ന പാനപാത്രത്തിലെൻ
ചിന്തകളൊക്കെ വേവിച്ചെടുത്തു ഞാൻ.

ദാഹമേറുന്നു, തൊണ്ട വരളുന്നു
ഉള്ളിലാകെയുമഗ്നിയെരിയുന്നു.

എന്നിലേയ്ക്കു തിരിഞ്ഞു നടക്കവേ,
പിൻവിളി കേട്ടു ഹൃദയം തുടിച്ചു പോയ്!

ആതിരനിലാവുദിച്ചു,താരകങ്ങൾ വാനിൽ ചിരിച്ചുകൊണ്ടാമോദമെ
ന്നെപ്പുണർന്നിടും മായയിൽ ഞാൻ മതിമയങ്ങീടവേ,

പുല്ലാങ്കുഴൽ നാദം കാതിൽ പതിച്ചെന്റെ
ചിന്തയിൽ നിന്നു മെല്ലെയുണർന്നിതു,
ചുറ്റിലും നോക്കി ഞാനാശ്ചര്യ-
ചിത്തയായ് മിഴിപൂട്ടി നിന്നുപോയ്.

ആർദ്രമാം കാറ്റൊന്നു വീശീയതിൽ നിൻ,
സാമീപ്യമുണ്ടെന്നറിഞ്ഞു ഞാൻ
ആഹ്ലാദ ചിത്തയായ് നടനമാടുന്നിതാ...

**അമ്പിളി സജീവ്**




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ  മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ,  നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച്  മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന  ഓരോ ചെറിയ  വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര  മാതൃകയാവട്ടെ...

കുട്ടികളുടെ  മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ..  വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക...  ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ്  ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന  ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# സ്വർണ്ണ കിളിക്കൂട്

സ്വർണ്ണക്കിളിയെ..
സ്വർണ്ണക്കിളിയേ..
എന്നെ കൂടി വിളിക്കാമോ. ?
താഴത്തേക്ക് വരുന്നില്ലേ ..?
തന്നെ ഇരുന്നാൽ പേടിയാവില്ലേ ?
ഒന്നിച്ചു കളിപ്പാൻ കൊതി തോന്നുന്നു..
വാ .വാ സ്വർണ്ണക്കിളിയേ...
എൻ ഹൃത്തിൽ നീ വാ വാ....
നമുക്കൊന്നിച്ചു കളിക്കാം..
പൂക്കൾ പറിച്ച് പൂക്കളം ഇടാം..
വാ..വാ.. സ്വർണ്ണക്കിളിയേ..
എൻ ഹൃത്തിൽ നീ വാ .. വാ..
പൂമ്പാറ്റയോടൊത്ത് കളിക്കാം..
വാ.. വാ
എൻ സ്വർണ്ണക്കിളിയേ....

Emerin rose N. J
3A
St. Marys cbps school kottekkadu



Alfus Mario Lijo, Std 5,
St. Aloysius up school, Elthuruth





അന്ന ഐസക്ക് ജോസഫ്., NSS School, Westfort., 8th Standard





Astor Mario Lijo , Std 4th, St Aloysius LP School Elthuruth





Avanthika. C.P , class :3 , school: Bhavans pottor



Avanthika. C.P , class :3 ,
School: Bhavans pottor





Joshwin N.J, UKG A ,
St. Marys CBPS School, Kottekkadu...






Souparnika Sakhi
Standard : 6, G.U.P.S Olarikkara



Nehal Jijesh
7th std
GUP School Moorkkanikkara






Vidhukrishna.K.V
G U.P.School,Varadiyam,
Class - 7





Vedhalakshmi.K.V
G.U.P.School,Varadiyam, Class - 3



ജോർജ് വിൽസൺ

# അഞ്ചാമൻ

ഞങ്ങളുടെ താവളത്തിൽ അംഗങ്ങളായി ഏഴുപേരാണുള്ളത്. ഏറ്റവും പ്രായംകൂടിയ ആൾ അച്ചായൻ, ഇളയവൻ ചെക്കൻ.

ഞാനാണ് ഈടത്തെ കുക്കറ്.

അവധിത്തലേന്ന് കൂടുന്ന സദസ്സുകളിൽ ഏഴാമൻ സ്വയം പരിചയപ്പെടുത്തും.

ഞായറാഴ്ച്ചകളിലെ പ്രഭാതം നഗരത്തിൽ പൊതുവേ പ്രശാന്തമാണ്. ജനുവരിയിൽ തണുപ്പു കാരണം അധികമാരുമങ്ങിനെ പുറത്തിറങ്ങാറില്ല. തീർത്തും നിശബ്ദം, പുലരിയിലെ നേരിയ മഞ്ഞുമഴയിൽ വഴിയോരങ്ങളിലെ നിയോൺവിളക്കുകൾ പോലും ലജ്ജിക്കും.

ഉറക്കമുപേക്ഷിച്ച് റമ്മികളിച്ച ക്ഷീണമകറ്റാൻ ബ്ളോഹോട്ട് ബ്ളോകോൾഡ് എന്ന ഇംഗ്ളിഷ് സിനിമകണ്ടുകൊണ്ട് അവധിയുടെ ഒന്നാംഭാഗം ആഘോഷിക്കയായിരുന്നു.

ആ സമയത്ത് ഉടുതുണിയില്ലാതെ ഒരാൾ ഞങ്ങൾക്കിടയിലേക്ക് ആകസ്മികമായി ഓടിക്കയറി. കണ്ടുകൊണ്ടിരുന്ന ചലച്ചിത്രത്തിൽ നിന്നും ഒരു കഥാപാത്രമെങ്ങിനെ ഇത്രപെട്ടെന്ന് പുറത്തിറങ്ങിവരും എന്നതായിരുന്നു ഞങ്ങളെ അലോസരപ്പെടുത്തിയത്. ആഘോഷതിമിർപ്പിൽ പതിവുപോലെ ലേശം മദ്യം എല്ലാവരും വിഴുങ്ങിയിരുന്നു. ഇനിയതുകൊണ്ടായിരിക്കുമോ?

അയാളുടെ വന്യമായ നഗ്നതക്ക് ചാരുതയേകിയത് വൃത്തിയായി ക്ഷൗരം ചെയ്ത ശിരസ്സായിരുന്നു. പൊങ്ങന്റെ ഭാഷയിൽ അമൈരശിരസ്ക്കൻ എന്നുവേണമെങ്കിൽ വിളിക്കാം. ശിരോഞരമ്പുകളൊക്കെ എഴു

ന്നുനിൽക്കുന്നു. താവളത്തിലെ അഞ്ചാമനാണ് അയാളെന്ന് പ്രത്യക്ഷത്തിൽ വിശ്വസിക്കുവാൻ പ്രയാസമായിരുന്നു.

കഞ്ചാവടിച്ച് തലക്കകത്തെ കിളി പറന്നുപോയോ? എല്ലാവർക്കും ഒരേസംശയം, പക്ഷെ ആരും അതെടുത്തുപറഞ്ഞതുമില്ല.

ഉറഞ്ഞുതുള്ളുന്ന കുളിരിൽ ആൾ നേരെ കുളിമുറിയിൽ ഓടിക്കയറി വാതിൽ കൊട്ടിയടച്ചു.

ൻറ ബലായസംശ്യം, ഇഷ്ടന്റെ ഈവരവിലെന്തോ കുണ്ടാമുണ്ടിണ്ട്, ചേട്ടന്മാരെ..

റ്റീവി നിർത്തിയിട്ട് ചെക്കൻ തറപ്പിച്ചുപറഞ്ഞു.

പക്ഷെ അതെന്തായിരിക്കും?

ആർക്കും ഉത്തരമില്ല. ഡിമെൻറിയ ബാധിച്ചവരെപ്പോലെ പരസ്പരം മുഖത്തോടുമുഖം നോക്കി. എപ്പോഴും ചറുപിറസംസാരിക്കുന്ന അച്ചായനും മൗനത്തിൻറെ മുഖാവരണമിട്ടു.

ഓരോരുത്തരും തങ്ങളുടേതായ സാങ്കൽപിക മാളങ്ങളിൽ കയറിയൊളിച്ചു. എല്ലാവരുടേയും കഥയിൽ ഒരൊറ്റനായകനായിരുന്നു, തിരശ്ശീല വിഴുന്നതിനുതൊട്ടുമുമ്പ് ഉടുതുണിയില്ലാതെ കയറിവന്ന അഞ്ചാമൻ. രംഗസജ്ജീകരണങ്ങളും പശ്ചാതലദൃശ്യങ്ങളും ഏറക്കുറേ സമാനമായിരുന്നു. അഞ്ചാമൻ ജോലിചെയ്യുന്ന ഓട്ടോമൊബൈൽ വർക്കുഷോപ്പിന്റെ പരിസരം. ദർശിച്ചിരുന്ന സിനിമയിലെ ചൂടുള്ള ചിലരംഗങ്ങൾ എല്ലാവരുടേയും മനസ്സിൽ ഓടിക്കയറി അന്ത്യം വികലമാക്കി, പൂർണ്ണമായ ചിത്രത്തിനുമീതെ ചായം തെറിച്ചുവീണ് ചിത്രം ആധുനികമായ പ്രതീതി.

എല്ലാവർക്കും തങ്ങളുടെതായ സങ്കൽപകഥകളിൽ അഭിരമിക്കുവാൻ സാവകാശം നൽകിയതുമാതിരി കഥാനായകൻ പെട്ടെന്നൊന്നും പുറത്തുവന്നില്ല. ഞങ്ങൾക്ക് ആധിയായി, ഇനി വേറെന്തെങ്കിലും പുലിവാലൊപ്പിക്കുമൊയെന്ന് ശെരിക്കും ഭയപ്പെട്ടു.

ഏറെനേരം എല്ലാവരേയും മുൾമുനയിൽ നിർത്തിയിട്ട് കഥാനായകൻ പുറത്തിറങ്ങിവന്നു. ആരുടേയും മുഖത്തുനോക്കിയില്ല. കുളിമുറിയിൽ ഉണങ്ങാനിട്ടിരുന്ന ആരുടെയൊ കൈലി വാരിവലിച്ച് അരയിൽ ചുറ്റിയിരുന്നു. ഞങ്ങൾ ആശ്വസിച്ചു. പ്രായപൂർത്തിയായ ഒരാളെ പിറന്നപടി കാണേണ്ട ഗതികേടിൽനിന്നും തൽക്കാലം രക്ഷപ്പെട്ടുവല്ലോ.

ഭാവനയിലെ കഥകൾ മിനുക്കിയെടുക്കുന്നതിൽ തികച്ചും പരാജയപ്പെട്ട ഞങ്ങളഞ്ചുപേരും അഞ്ചാമനുചുറ്റും ഒരുവിഷമവൃത്തം സൃഷ്ടിച്ച് ശ്രവണേന്ദ്രിയങ്ങളുടെ വാതായനങ്ങൾ മലർക്കേ തുറന്നിട്ട് കാത്തിരുന്നു.

പ്രഹരമേറ്റ് വീർത്തുകെട്ടിയ വികൃതമായമുഖത്ത് ഞങ്ങളോടുള്ള അവജ്ഞ പ്രകടമായിരുന്നു. ഞങ്ങളാണ് അയാളെ ഈ എടാകൂടത്തിൽ എത്തിച്ചതെന്നപോലെ. ധൃതിയിലൊരു തോൽപ്പെട്ടി വലിച്ചെടുത്ത് എന്തൊക്കയൊ തിരക്കിട്ട് കുത്തിനിറച്ച് ഒരക്ഷരം ഉരിയാടാതെ അയാൾ പടിയിറങ്ങിപ്പോയി. ബാക്കിയുണ്ടായിരുന്ന ഞങ്ങൾ അഞ്ചുപേരും അത്ഭുതസ്ധബരായി, കഥയറിയാതെ ആട്ടമെങ്ങിനെകാണും എന്ന കുണ്ഠിതത്തോടെ ഇരിപ്പടങ്ങളിൽ അവശരായിരുന്നുപോയി.

ഇനിയെന്തുചെയ്യും? സംശയങ്ങളുടെ മഞ്ഞുരുകി ഒരുതരം ശീതികരണാവസഥ ഞങ്ങളുടെ ഹൃദയങ്ങളെ മരവിപ്പിച്ചുകളഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ ഒറ്റമൂലി ഏഴാമനാണ്, അഞ്ചാമന്റെ കാര്യത്തിൽ പ്രത്യേകിച്ചും.

അവറാൻ എന്നാണ് അഞ്ചാമനെ എല്ലാവരും വിളിക്കുന്നത്. ഞങ്ങളിൽ മറ്റാരുമായും കൂട്ടുകൂടുകയൊ സംസാരിക്കുകയൊ, അയാളെ അന്വേഷിച്ച് ഇന്നുവരെ ആരെങ്കിലും താവളത്തിൽവരികയൊ ഉണ്ടായിട്ടില്ല. അവറാൻ വല്ലപ്പോഴും എന്തെങ്കിലും പറയുന്നത് ഏഴാമ നോടുമാത്രം, അതും പരമരഹസ്യമായി.

ഇനിയെന്തുചെയ്യും, നിശ്ചലം സ്വീകരണമുറി. ശബ്ദദായമാനമായിരുന്ന മുറിയിലെങ്ങും പരിപൂർണ്ണനിശബ്ദത,

ബാൽക്കണിയിലാണ് ഏഴാമന്റെ കിടപ്പറ. മഴക്കാലമായാൽ അത് കെട്ടിമറച്ച് ഭദ്രമാക്കാറുണ്ട്. ഞായറാഴ്ച്ചകളിൽ ആസനത്തിൽ വെയിലുമുളച്ചാലെ ആശാൻ എഴുന്നേൽക്കുക പതിവുള്ളു.

ചെക്കൻ എഴുന്നേറ്റുപോയി കുറച്ച് ചൂടുവെള്ളംകൊണ്ടുവന്ന് ഏഴാമനെ ഉണർത്തി.

ചെക്കൻ എന്തുചെയ്താലും ആരും ഒന്നുംപറയില്ല, ചെക്കനല്ലെ. എല്ലാവരുമവനെ മോനേ എന്നാണ് സ്നേഹത്തോടെ വിളി

ക്കുക. ചിലപ്പോൾമാത്രം നായിന്റെമോനേ, അല്ലെങ്കിൽ ഷൂളെമകനെ, മങ്കൂസെ തുടങ്ങി ഇരട്ടപ്പേരുകൾ ചേർത്തിവിളിക്കും. എന്തുപേരുവിളിച്ചാലും അവൻ ചിരിച്ചുകൊണ്ട് ഓടിവരും, അതോടെ വിളിച്ചവരുടെ കോപമലിയും.

സംഭവങ്ങൾകേട്ട ഏഴാമൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു. ചിരിയുടെ അവസാനത്തിൽ ചുമ പിടികൂടുക സാധാരണയാണ്, തീവണ്ടി സ്റ്റേഷനിലെത്തി കിതച്ചുനിൽക്കുന്നതുപോലെ.

പെലച്ചാമ്പോതൊട്ടന്നേ ബായേക്കൂടെ തീവണ്ടിയോടല്ലെ, ൻറമക്കളെ ഈമുടിഞ്ഞ വീടിവലി നിർത്ത്യാ ചെലപ്പോ നേര്യാവും. അയിനെങ്ങന്യാ, കയ്യണ്ട..

ചുമ നിന്നപ്പോൾ ഏഴാമൻ പറഞ്ഞു. ചുമയുടെ കടുപ്പം കണ്ട് സഹികെട്ട് ഡോക്ടറെ കാണുവാൻ ആരെങ്കിലും ഉപദേശിച്ചാലുള്ള സ്ഥിരം പല്ലവിയാണിത്.

ഞമ്മളിദ് നേർത്തെ കരുതേർന്നു..

ചുമയും ചിരിയും പൂർണ്ണമായി നിലച്ച ശേഷം ഏഴാമൻ രഹസ്യമായി പറഞ്ഞു.

എന്ത്?

എല്ലാവരും ചേർന്നു ചോദിച്ചു.

ഞങ്ങൾ മുഖത്തോടുമുഖംനോക്കി. സാങ്കൽപികകഥകൾ ഉപേക്ഷിച്ച്, രാത്രിയിലെ ഉറക്ക ക്ഷീണംമറന്ന്, തേനീച്ചകളെപ്പോലെ ഏഴാമനെപൊതിഞ്ഞു.

ചെക്കൻ ബീഡി കത്തിച്ച് ചുണ്ടിൽ വെച്ചുകൊടുത്തു.

ഉണർത്തുവാൻ പൊള്ളിച്ചഭാഗം ഉടുത്തിരുന്ന കൈലികൊണ്ട് തടവി ഒരു അപസർപ്പകകഥ പുനരാവിഷ്ക്കരിക്കുന്നതുപോലെ രഹസ്യങ്ങളുടെ ചുരുളുകൾ ഒന്നൊന്നായി ഏഴാമൻ നിവർത്തി.

വിവാഹം കഴിഞ്ഞ് സ്വപ്നങ്ങളുടെ ഒരു വലിയ ഭാണ്ഡവുംപേറിയാണ് ഓമന ഭർത്താവിന്റെ കൂടെ പട്ടണത്തിലെത്തിയത്.

ദ്രവിച്ചിളകിയതെങ്കിലും വലിയനാലുകെട്ടും പടിപ്പുരയും വിട്ട് നഗരത്തിൽ ഒഴിഞ്ഞ മൂലയിലെ കുടുസുമുറിയിൽ താമസമാക്കിയതോടെ ഓമനയുടെ ദാമ്പത്യസ്വപ്നങ്ങൾ ഒന്നൊന്നായി പടംപൊഴിച്ചു. രാത്രിയിൽ ഭർത്താവ് ജോലിക്കുപോകുമ്പോഴുണ്ടാകുന്ന അസഹനീയമായ ഏകാന്തതകൂടി ചേർന്നതോടെ പറിച്ചുനടലിന്റെ ദുഃഖം തീക്ഷണമായി.

ജോലികഴിഞ്ഞ് ഏഴരവെളുപ്പിന് വീട്ടിൽ തിരിച്ചെത്തുന്ന ഭർത്താവ് കെട്ടിപ്പിടിച്ച് ഒന്നു ചുംബിക്കുവാൻപോലും മിനക്കെടാതെ കിടക്കയിലേക്ക് മറിയുന്ന കാഴ്ച്ച മധുവിധുകാലത്ത് ഏതു ഭാര്യക്കാണ് സഹിക്കാനാവുക? വൈകിയുണർന്ന് ഏറെവലിച്ചുവാരിത്തിന്ന് വീണ്ടും നിദ്രയുടെ കൽപടവുകളിലേക്ക് അറിയാതെതെന്നിവിഴും. തന്റെ ഭർത്താവിന്റെ ഈ ഉറക്ക ഭ്രാന്ത് പണ്ടെങ്ങോ കണ്ട മിസ്റ്റർബട്ട്ലർ സിനിമയിലെ കൊച്ചിൻഹനീഫയുടെ കഥാപാത്രത്തെയാണ് ഓമനയെ ഓർമ്മിപ്പിച്ചത്. അതുകാണുമ്പോൾ അവൾക്ക് ഛർദ്ദിലുവരും.

രാത്രിയേറെ വളരുമ്പോൾ വികാരങ്ങളുടെ പൊന്തക്കാടുകളിൽ അറിയാതകപ്പെട്ടുപോകും. വ്യഥിതമനസ്സിൽ കാമചോദനകൾ ഉണർന്ന് വൃഥാ തമസ്സിലേക്ക് ഉറ്റുനോക്കിയിരിക്കുക ദിനചര്യയായിമാറി.

തുറന്നുകിടന്ന ജാലകപാളികളിലൂടെ വഴിവിളക്കിന്റെ നിലാവെളിച്ചത്തിൽ ദൃശ്യമായിരുന്ന സ്വർണ്ണരാജികൾ തിളങ്ങുന്ന കൈത്തലവും, ഭംഗിയായി വെട്ടിനിർത്തിയ അഞ്ചാമൻ നഖങ്ങളുമായിരുന്നു ഓമനയെ ആദ്യം അകർഷിച്ചത്. നഖക്ഷതങ്ങൾ ഏൽപിക്കുന്ന സുഖകരമാർന്ന നീറ്റൽ ഓമനയുടെ കനവുകളിൽ നിറയെ തിജ്വാലകൾ കോരിയിട്ടു.

ഒരുദിവസം അമ്പലത്തിൽ തൊഴുതുമടങ്ങവേ വഴിയിൽ റിപ്പയർ ചെയ്തുകൊണ്ടിരുന്ന കാറിന്നടിയിൽ കിടന്നിരുന്ന അഞ്ചാമൻറെകാലുതട്ടി ഓമന തെന്നിവീണു. സെറ്റമുണ്ടിൽ പെട്രോളും ഓയിലുമൊക്കെ കയറിക്കൂടി ചിത്രങ്ങൾ രചിച്ചു. കുളിച്ചീറനായ മുടിയിലെ തുളസിക്കതിർ അയാളെ ചുംബിച്ച് തറയിലേക്ക് തെറിച്ചുവീണു. പുരുഷൻറെ വിയർപ്പുഗന്ധം നാസിക യിൽ കയറിക്കൂടി അവളെ ഉന്മാദിനിയാക്കി.

അന്നുരാത്രി ഒട്ടും ഉറങ്ങുവാനായില്ല. അഞ്ചാമൻറെ ദൃഢമാംസപേശികളും രോമാവൃതമായ മാറിടവും എല്ലാമെല്ലാം ഓമനയുടെ ഉറക്കം കെടുത്തി. പക്ഷെ പതിവിൻപടി വെളുപ്പിന് കയറി വന്ന ഭർത്താവ് ഓമന ഉറങ്ങാത്തതിൻറെ കാരണങ്ങൾ തിരക്കാൻമിനക്കെടാതെ വെള്ളത്തി ലിറങ്ങിയ പോത്തിൻറെകൂട്ട് നിദ്രയുടെ ആഴമേറിയകയത്തി

ലേക്ക് ഒറ്റവിഴ്ച്ചയായിരുന്നു.

അയൽക്കാരികൾ സിനിമക്കുപോയിരുന്ന ഒരുരാത്രി പെട്ടെന്ന് കറൻറുപോയി. ഭയം തോന്നിയ ഓമന ഇത്തിരി വെട്ടത്തിനായി അഞ്ചാമൻറെ അടുത്തെത്തി.

മെഴുകുതിരിയൊന്നും ഇവ്ടില്യാ ചേച്ചി, അത്യാവശ്യാണെങ്കി കാർബാറ്ററിവെച്ച് ഒന്ന് ശ്രമിച്ചുനോക്കാം.

അയാളുടെ ഓരോ ചലനങ്ങളും താൽപര്യപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്ന ഓമനക്ക് മറുപടിയില്ലായിരുാന്നു. വെളിച്ചത്തിൻറെ കാര്യംതന്നെ ഓമന സാന്ദർഭികമായി വിസ്മരിച്ചു പോയിരുന്നു. മനസ്സിൽ ഒരു കുതിരപ്പന്തയം തന്നെ നടക്കുകയായിരുന്നു. വികാരങ്ങളുടേയും വിചാരങ്ങളുടേയും കുതിരകൾ തമ്മിലേറ്റുമുട്ടി. എന്തു ചെയ്യണമെന്ന് തിരുമാനിക്കാനാവാ തെയുള്ള വിമ്മിഷ്ടം തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയത്. ബാറ്ററിയും ബൾബും തയ്യാ റാക്കി പുറപ്പെട്ടപ്പോൾ സ്വപ്നത്തിലെന്നവണ്ണം ഓമന അയാളെ അനുഗമിക്കുകയായിരുന്നു.

അയാളുടെ സാമീപ്യത്തിൻറെ ചൂടും ചൂരും അവളെ വല്ലാതെ വികാരവിവശയാക്കി. എന്നാൽ തനിക്കൊന്നും മനസിലായിട്ടില്ലെന്നഭാവേന വീട്ടിനുള്ളിൽ വെളിച്ചംവീഴത്തി ഓമന തൽകിയ ചൂടുചായ മൊത്തിക്കുടിച്ച് അയാൾ തിരിച്ചുനടന്നു.

അഞ്ചാമൻറെ ഈ നീക്കത്തിനുപിറകിൽ 'ആശാന്റെ പ്രത്യേക നിർദ്ദേശമായിരുന്നുവത്രേ.

പാമ്പുകടിക്കാ സാധാരണാ, വരുത്തി കൊത്തിക്കണേൻ സൊകം ഒന്നുവേറെന്ന ഏഴാമൻ വിശദീകരിച്ചു പറയുകയും ചിരിക്കുകയും ചുമക്കുകയും ഒരുമിച്ചുചെയ്തു.

എല്ലാവരും സഹികെട്ട് സഹതാപപൂർവ്വം അയാളെ ഉറ്റുനോക്കി. ഞ്ഞി ന്തനടന്നിണ്ടാവുന്ന് പടിപ്പും വെവരോള്ളാ ഇങ്ങളൊക്കെ



ത്തന്നേ ആലോശിക്കേൻ... ഏഴാമൻ തൻറെ കഥക്ക് ഇടവേളയിട്ട് എല്ലാവരോടുമായിപ്പറഞ്ഞു. വാതിലിൽ ശക്ത്തിയായ ഒരു മുട്ട്. പോലീസാവും ചേട്ടന്മാരെ, ഞ്യാൻ പൂവ്വാട്ടാ.. ചെക്കൻ പ്രതിവചിച്ചു.

ഡും..ഡും,,

നായിൻെറമോനെ നന്റെ ഒടുക്കത്തെ..

കയ്യുയർത്തിയ മൂന്നാമനെ എല്ലാവരും ചേർന്ന് തണുപ്പിച്ചു.

താവളത്തിലെ ധീരന്മാമരെന്ന് സ്വയം വിശേഷിപ്പിക്കാറുള്ള ഞാനും ചെക്കനും വേഗം സ്വന്തം മാളങ്ങളിൽ കയറിയൊളിച്ചു.

റിഷിണ്ടാ..

ആരാണ് വാതിൽ തുറന്നുകൊടുത്തതെന്ന് അറിയില്ല, പുതിയ ശബ്ദം തിരക്കി.

ഞങ്ങളുടെ താവളത്തിൽ തിർത്തും അപരിചിതമായനാമം.

റിഷ്യശൃംഗൻ ഇവ്ടല്ലെ താമസിക്കണേ?

ആഗതൻ വിണ്ടും ആരാഞ്ഞു.

സ്വരം പോലീസിൻെറയല്ല എന്നുറപ്പായപ്പോൾ ഞങ്ങൾ മാളത്തിന് പുറത്തുകടന്നു.

അച്ചായൻെറ മറുപടി.

നമ്മടെ അവറാനെയാണ് ഇയ്യാള് തെരക്കണേദ്..

അച്ചായൻ ഞങ്ങൾക്കുനേരെതിരിഞ്ഞ് പതുക്കെ അറിയിച്ചു.

അവനെന്താപറ്റേ? അവനെവ്ടെ? ആകെ പ്രശ്നനായിന്നാണല്ലൊ കേക്കണേ..

ആരും മറുപടിയേകിയില്ല.

ഞമ്മക്കൊന്നറീല്യാാ..

അവസാനം ഏഴാമൻ തിരിഞ്ഞുപറഞ്ഞു. അതുനേരായിരുന്നു ഏഴാമൻ ഒന്നും കണ്ടിട്ടില്ലായിരുന്നു. വെയിലുദിക്കുന്നതുംകാത്ത് ബാൽക്കണിയിൽ ചുരുണ്ടുകിടക്കുകയല്ലായിരുന്നോ.

വർക്കുഷോപ്പ് ഞായറാഴ്ച്ചകളിലും രാവിലെ തുറന്ന് പ്രവർത്തിക്കുക പതിവുണ്ട്. കേടായ മാരുതിയും തള്ളി അവിടെച്ചെന്നതായിരുന്നു റിഷിശ്രംഗൻ സുഹൃത്ത്.

നിലാവുറങ്ങിയ ഒരുരാത്രിയിൽ അഞ്ചാമൻ ഓമനയുടെ വാതിലിൽ മൃദുവായി ഒന്നുമുട്ടി. സമയം പാതിരാവായിട്ടും പക്ഷെ ഉറക്കംവരാതിരുന്ന ഓമന പതിയെ പാതി വാതിൽ തുറന്നുനോക്കി. രോമവൃതനായ അഞ്ചാമനാണെന്ന് ഉറപ്പുവരുത്തി അയാളെ അകത്തേക്ക് വലിച്ചിട്ട് തുറന്നതിലും ശ്രദ്ധയോടെ വാതിലടച്ചു.

മനസ്സിൻെറ അന്തരാളങ്ങളിൽ വിർപ്പുമുട്ടിക്കഴിഞ്ഞിരുന്ന മോഹങ്ങളെല്ലാം പെട്ടെന്ന് പൂത്തൂരോമാവൃതമായ ആ മാറിടത്തിലേക്ക് അവൾ വിഴുകയായിരുന്നു. അയാൾ അവളെ ചേർത്തുപിടിച്ചു. മറ്റെല്ലാം മറന്ന് നിർവൃതിയുടെ നിമിഷങ്ങളിൽ അനിയന് വിസ്പോടനങ്ങൾ ഓമനയുടെ ഓരോരോകശേരുക്കളേയും വല്ലാതെത്തൊരു ആവേശത്തോടെ അവരൊന്നുചേർന്നു. വരുംവരായ്കകളുടെ ആപൽശങ്കകളേതുമില്ലാതെ.

പിന്നെയവിടെ എന്തുനടന്നിരിക്കുമെന്ന് വിസ്തരിക്കേണ്ടതില്ല എന്ന് ഞങ്ങൾ ഏകകണ്ഠരായി വിനയപൂർവ്വം അറിയിച്ചുവെങ്കിലും ആഗതൻ അവിടെ നിർത്തിയില്ല.

പുലർകാലത്ത് പതിവുപോലെ ഭർത്താവ് കയറിവന്നപ്പോൾ ഓമന ഉച്ചത്തിൽ ഒറ്റക്കരച്ചിലായിരുന്നു, പഴയകാല സിനിമകളിലെ ബലാൽസംഗസിനുകളെ അനുകരിച്ച് താനല്ല ഇതൊന്നു ചെയ്തതെന്ന് ഭർത്താവിനെ ബോധ്യപ്പെടുത്താനുള്ള ഒരുതന്ത്രം. റിഷിയെ തല്ലിച്ചതച്ച് ചണ്ടിയാക്കിയിട്ടും കലിതീരാഞ്ഞ് ഭർത്താവെന്ന ഷണ്ഡൻ അയൽക്കാരെ മുഴുവൻ വിളിച്ചു ണർത്തി ഉടുതുണിയൂരിഞ്ഞ് സിമൻറുതൂണിൽ ബനധിച്ച് കൂടിനിന്നവരുടെ ആവശ്യപ്രകാരം തലമുൺഡനം ചെയ്തുതു. നേരം പരാപരാവെളുക്കാറയപ്പോൾ ആരോ അഞ്ചാമനെ കെട്ടഴിച്ചു വിട്ടുവത്രേ.

കുട്ടുകാരൻ ഉപസംഹരിച്ചു.

ആരുമൊന്നും മിണ്ടിയില്ല. മൗനം കോടമഞ്ഞുപോലെ അവിടാകമാനം പടർന്നുകയറുക മാത്രമല്ല മനസ്സും ശരീരവും ഒരുമിച്ച് മരവിച്ചുപോയ നിമിഷങ്ങൾ.

റിഷി നിയോഗത്തിന്റെ ചുമട് വിധിയുടെ ആൽത്തറയിൽ ഉപേക്ഷിച്ച് നിഷ്ക്രമിച്ചു.

വേദപുസ്തകത്തിൽ പറയുന്നത്,

അച്ചായൻ പ്രഘോഷണം ആരംഭിച്ചു.

ആറാംപ്രമാണത്തിനെതിരെ പാപം ചെയ്തവരെ ഒലിവുമരത്തിൽ കെട്ടിയിട്ട് ജനങ്ങളെ വിളിച്ചുകൂട്ടി കല്ലെറിഞ്ഞുകൊല്ലണമെന്നാണ്..

അച്ചായൻ ഉപദേശിയുടെ കുപ്പായമണിഞ്ഞ് കവലയിലേക്ക് ഇറങ്ങുകയാണ് തല്ലതെന്നു പറയാൻ അന്നേരം ആരുടേയും നാവ് പൊന്തിയില്ല.

ഞ്ഞ് ഓന് തൂങ്ങിച്ചാവില്ലേ ഗതില്ളാ..

ഏഴാമൻ പൊട്ടിക്കരഞ്ഞ് വലിയ മുഴക്കത്തോടെ തറയിൽ കുഴഞ്ഞുവീണു.

●